RIYADH KMCC MALAPPURAM DISTRICT COMMITTEE
Vachanam e magazine

വചനം

ലക്കം 6
ഫെബ്രുവരി 2013

റിയാദ് കെ.എം.സി.സി മലപ്പുറം ജില്ലാ കമ്മറ്റി പ്രസിദ്ധീകരണം

ഇ മാഗസിൻ



ദൂര രാഷ്ട്രീയത്തിന്റെ ദുര

നിത്യപ്രണയത്തിന്റെ ഓർമ്മ മുറ്റത്ത്

സാഹിത്യം പുത്തൻ പരിപ്രേക്ഷത്തിൽ

RIYADH KMCC MALAPPURAM DISTRICT COMMITTEE
Vachanam e magazine

വചനം

ഫെബ്രുവരി 2013

മാഗസിൻ സമിതി

രക്ഷാധികാരി
സയ്യിദ് അഷ്റഫ് തങ്ങൾ

എഡിറ്റർ
പി.ടി ഫിറോസ്

അസി. എഡിറ്റർ
ഷാജി.കെ മുഹമ്മദ്,

കോ-ഓർഡിനേറ്റർ
ബഷീർ ഇരുമ്പുഴി

പബ്ലിക്ക് റിലേഷൻ
അബ്ദുൽ അസീസ് കടലുണ്ടി നഗരം

മാളുകളിൽ



4

ദൂര രാഷ്ട്രീയത്തിന്റെ ദുര

"സ്വസമുദായ സ്നേഹ മെന്നാൽ ഇതര സമുദായങ്ങളോട് വൈരമെന്നർത്ഥമില്ല. അവനവൻ നന്നാവണമെന്ന ആഗ്രഹം കൊണ്ട് മറ്റുള്ളവരുടെ വളർച്ചയിൽ അസൂയ ഉണ്ടാവരുത്" എന്നു മന്നം പറഞ്ഞത് നായൻമാരെ അഭിമുഖീകരിച്ചാണെങ്കിലും കേരളത്തിന്റെ സാമുദായിക സൗഹാർദത്തിന്റെ അന്തരീക്ഷത്തിൽ അത് എല്ലാ സമുദായങ്ങൾക്കുമുള്ള പ്രാഥമിക പാഠം കൂടിയാണ്.



15

നിത്യപ്രണയത്തിന്റെ ഓർമ്മ മുറ്റത്ത്

ചാറ്റൽ മഴയും കുളിരുള്ള കാറ്റും അസിജ നദിയുടെ കളകളാ സംഗീതവും ഒന്നിച്ചപ്പോൾ അനുരാഗ വരികൾക്ക് അഗ്നിച്ചിറക് മുളച്ചു തുടങ്ങി. കല്ല് പാകിയ ജൂലിയറ്റിന്റെ മുറ്റത്തെത്തുമ്പോൾ മനം കല്ലല്ലാത്ത ഏതൊരാളും റോമിയോയുടെ വരികൾ അറിയാതെ പാടിപ്പറഞ്ഞു പോകും.



12

സാഹിത്യം പുത്തൻ പരിപ്രേക്ഷത്തിൽ

കേവലമായ ട്രാൻസ്ലേഷന് അപ്പുറം പൂർണ്ണാർത്ഥത്തിലുള്ള ട്രാൻസ്ക്രിയേഷൻ ആവശ്യമായി വരും. ഭാഷാ പരിജ്ഞാനത്തിനുമപ്പുറം പരിഭാഷപ്പെടുത്തുന്ന ഭാഷയുടെ പ്രാദേശികമായ വകഭേദങ്ങളെക്കുറിച്ചും സമഗ്രമായ അവഗാഹം ഉള്ളവർക്ക് മാത്രമേ സമഗ്രമായ ട്രാൻസ്ക്രിയേഷൻ നടത്താനാവൂ.

കവിത
ആത്മാക്കൾ പ്രണയിക്കുമ്പോൾ — 08
സബീന എം. സാലി

പ്രവാസം
തിരിച്ചുപോക്കിനെ ഭയപ്പെടേണ്ടതുണ്ടോ? — 09
സുലൈമാൻ ഊരകം, റിയാദ്

മിനിക്കഥ
രണ്ടു തീക്കഥകൾ — 10
അബു ഇരിങ്ങാട്ടിരി

ശാസ്ത്രം
സയൻസ് അങ്കിൾ — 11
അബ്ദുൽ മജീദ് പട്ടാമ്പി

കവിത
കാലം കരുണ തേടി — 14
റുഷ്ന സാബിത്ത്, അഴീക്കൽ കരിക്കീറിൽ

അനുസ്മരണം
വീട്ടിലേക്കുള്ള യാത്ര കൊതിച്ച ഡി. വിനയചന്ദ്രൻ — 19

കവിത
നിദ്രയിലേയ്ക്കാളും മുൻപേ... — 20
ജിസ്മിന കരീം



ഡൽഹി ചൊരിയുന്ന വേദനകൾ

സ്വതന്ത്ര ഭാരതത്തിന്റെ നടുമുറ്റത്ത് ഒരു പെൺകുട്ടി മൃഗീയമായി പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യപ്പെടാനുണ്ടായ അതിദുരന്തമായ സാഹചര്യം സൃഷ്ടിച്ചെടുത്ത അലയൊലികൾ ഇപ്പോഴും അന്തരീക്ഷത്തിൽ നിറഞ്ഞാടുകയാണ്. കേവലം നിരുദ്വേഗവും സർവ്വസാധാരണവുമായ ഒരു ദുരന്തം എന്നതിൽക്കവിഞ്ഞ് അത് പുതിയ വേദനകളും പുത്തൻ ആധികളും നമുക്ക് സമ്മാനിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ പുറം പകിട്ടിന്റെ മുഖത്ത് കറുത്ത ഒരു പാടു കൊണ്ട് അടയാളപ്പെടുത്തിയ ഈ ദുരന്ത സംഭവവും തുടർന്നുണ്ടായ പ്രതിഷേധ പ്രവാഹങ്ങളും കാരണം കർശന നിയമങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കാൻ ഭരണാധിപരും പൊതു സമൂഹവും തയ്യാറായി എന്നത് ശരിയാണ്.

രാജ്യത്തിന്റെ നിയമവും സമൂഹത്തിന്റെ ജാഗ്രതയും ഇക്കാര്യത്തിൽ പ്രധാനമാണെന്ന് ബോധ്യപ്പെടാൻ ഇത്രമാത്രം കാത്തിരിക്കേണ്ടി വന്നു എന്നത് ഖേദകരമാണ്. സ്ത്രീ സുരക്ഷയെക്കുറിച്ച് ചർച്ചകൾ മുമ്പൊരിക്കലും ഇല്ലാത്ത വിധം ഉയർത്താനായി എന്നത് അംഗീകരിക്കുമ്പോൾ തന്നെ നിയമ നിർമ്മാണങ്ങളുടെ രീതി ശാസ്ത്രങ്ങൾക്കും ശിക്ഷാ വിധികളുടെ പരിഷ്ക്കാരങ്ങൾക്കും അപ്പുറം പുതിയ ഉറ്റാലോചനകൾക്കും ഗൗരവമായ ഓർമ്മപ്പെടുത്തലുകൾക്കും ഇത്തരം സാഹചര്യത്തിൽ സമയം കണ്ടത്തേതുണ്ട്. ഉപരിപ്ലവമായ ചില നടപടിക്രമങ്ങൾ കാരണം ഭയാശങ്കകളുടെ നീറിപ്പുകയുന്ന വിഷപ്പുക ഇല്ലാതാകുമെന്നും ആകുലതകൾ ശമിക്കുമെന്നും കരുതുക വയ്യ.

പുത്തൻ കാലഘട്ടത്തിലെ സാമൂഹിക അന്തരീഷം ഉത്പാദിപ്പിക്കുന്ന അജീർണ്ണം വമിക്കുന്ന സാംസ്കാരിക മാലിന്യങ്ങളെ നമ്മുടെ ചർച്ചയിൽ വിഷയമാക്കാതിരുന്നുകൂടാ. ഉപഭോഗ സംസ്കാരത്തിന്റെ ഉപോത്പന്നമായി നമുക്ക് സാക്ഷിയാകേണ്ടി വന്ന ഉദാരലൈംഗിക സമീപനം, സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള അനിയന്ത്രിതമായ സ്ത്രീ പുരുഷ സംസർഗ്ഗത്തിനുള്ള അവസരം, വിപണിയുടെ സൗകര്യത്തിനായുള്ള അതിരുവിട്ട സ്ത്രീ ശരീര പ്രദർശനം, സിനിമയിലും ടിവിയിലും പരസ്യത്തിലും ഇന്റർനെറ്റിലും സോഷ്യൽ മീഡിയയിലും പ്രദർശിപ്പിക്കപ്പെടുന്ന കയ്യും കണക്കുമില്ലാത്ത അശ്ലീല ആഭാസ പ്രദർശനങ്ങൾ തുടങ്ങിയവ ഉണ്ടാക്കിയെടുക്കുന്ന അപകടകരമായ പ്രത്യാഘാതങ്ങൾ വിസ്മരിച്ച് കേവലമായ നിയമ നിർമ്മാണത്തെക്കുറിച്ച് മാത്രം വലിയ വായിൽ സംസാരിക്കുന്നതിന്റെ സാംഗത്യമില്ലായ്മയെ നമുക്ക് വിചാരണ ചെയ്യാനാവണം. സോഷ്യൽ മീഡിയയും ഇന്റർനെറ്റും അനിയന്ത്രിതമായി നമ്മുടെ ഗൃഹാന്തരീക്ഷത്തിൽ ഇടപെടുന്നതിന്റെ അപകടവും അവകൗമാരക്കാർക്കിടയിൽ വിതരണം ചെയ്യുന്ന ഇക്കിളിപ്പെടുത്തുന്നതും കേവലാസ്വാദനത്തിനുള്ളതുമായ വിഭവങ്ങളുടെ അപകടങ്ങളും പല പ്രവാസി കുടുംബങ്ങളിലടക്കം ഇയ്യിടെ പുറത്തറിഞ്ഞിരുന്നത് ഇതിനോട് കൂട്ടിവായിക്കേണ്ടതുണ്ട്. യഥാർത്ഥ പ്രശ്ന പരിസരത്ത് നിന്ന് പാലായനം ചെയ്യാത്ത തരത്തിലുള്ള നിയമ നിർമ്മാണവും ബോധവത്കരണവുമാണ് പരിഗണനയിലുണ്ടാവേണ്ടത്.

കേവലമായ റവന്യൂ വരുമാനം മാത്രം പ്രതീക്ഷിച്ച് മദ്യം സുലഭമാക്കാനും മയക്കുമരുന്നുകളുടെ വ്യാപനത്തെ നിസ്സാരവത്ക്കരിക്കാനും ശ്രമിക്കുന്ന ഗവൺമെന്റ് സിദ്ധാന്തങ്ങളും പുനഃപരിശോധിക്കേതുണ്ട്. ലൈംഗിക പീഡനങ്ങളിൽ ബഹുഭൂരിപക്ഷത്തിന് പിന്നിലും ലഹരി ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട് എന്ന പാഠം ഭരണാധികാരികളുടെ സജീവ പരിഗണനയിൽ ഉണ്ടാവാത്തിടത്തോളം പ്രശ്ന പരിഹാരം ഫലപ്രദമാകും എന്ന് പറയാനാവില്ല. ധാർമികതയിലൂന്നിയ ഒരു മനസ്ഥിതി വളർത്തിയെടുക്കാൻ ശ്രമിക്കുക എന്നതാവും ഇക്കാര്യത്തിലെ ഏറ്റവും കടുത്ത പ്രതിസന്ധികളിൽ ഒന്ന്

ധാർമിക ദർശനങ്ങളുടെയും പ്രത്യയ ശാസ്ത്രങ്ങളുടെ ഭൂമികകളിൽ നിന്നും പാഠമുൾക്കൊള്ളുകയും കമ്പോളം പെരുപ്പിക്കാൻ ശ്രമിക്കുന്ന ജീർണ സംസ്കാരത്തിന്റെ കടക്കൽ കത്തിവെക്കാൻ സാധിക്കുകയും ചെയ്യുക എന്നതായിരിക്കട്ടെ നമ്മുടെ പ്രഥമ അജണ്ട. സാഹോദര്യത്തിന്റെയും ലിംഗ സൗഹൃദത്തിന്റെയും പുതിയ പ്രഭാതത്തിനായി നമ്മുടെ ത്യാഗപരിശ്രമങ്ങൾ മാറാൻ ഡൽഹി സംഭവം ഒരു പ്രചോദനമാകട്ടെ



സുൽത്താൻ പാലക്കാട്

ദൂര രാഷ്ട്രീയത്തിന്റെ ദുര



"ഞാൻ നായർ സമുദായോന്നതിക്കായി നിരന്തരം ആലോചിക്കുകയും പരിശ്രമിക്കുകയും ചെയ്യും. അങ്ങനെയുള്ള ശ്രമങ്ങളിൽ ഇതര സമുദായക്കാർക്ക് ക്ഷോഭകരമായി യാതൊരു പ്രവൃത്തിയും ചെയ്യുന്നതല്ല. ഈ സംഘോദ്ദേശ്യങ്ങളെ മുൻനിർത്തിയും ഉദ്ദേശസാധ്യത്തിനുവേണ്ട കരുതലോടു കൂടിയും ജീവിച്ചു കൊള്ളാം. സത്യം, സത്യം, സത്യം."

എൻ എസ് എസ് അംഗമാകുമ്പോൾ ചെയ്യുന്ന സത്യപ്രതിജ്ഞയാണിത്. കേരള സർക്കാരിന്റെ താക്കോൽ സ്ഥാനത്തേക്ക് ഭൂരിപക്ഷ സമുദായത്തിന്റെ പ്രതിനിധിയായി കെ പി സി സി പ്രസിഡന്റ് രമേശ് ചെന്നിത്തലയെ 'നാമനിർദേശം' ചെയ്തുകൊണ്ടുള്ള എൻ എസ് എസ് ജനറൽ സെക്രട്ടറി സുകുമാരൻ നായരുടെ പ്രസ്താവന ഇളക്കിവിട്ട ചില സാമുദായിക ചിന്തകളാണിവിടെ പരിശോധിക്കുന്നത്. കേരളത്തിന്റെ മതേതര മനസുകളിൽ സുകുമാരൻ നായർ ഉയർത്തിവിട്ട ചോദ്യങ്ങൾ അനവധിയാണ്. ആദ്യത്തേത് കെ പി സി സി പ്രസിഡന്റ് ആരുടെ പ്രസിഡന്റാണ് എന്നതാണ്.

കേരളം ഭരിക്കുന്ന മുന്നണിയുടെ മുന്നിൽ നടക്കുന്ന കോൺഗ്രസിന്റെ അമരത്തിരിക്കുന്ന രമേശ് ചെന്നിത്തലയെ തെരഞ്ഞെടുപ്പിൽ മത്സരിപ്പിച്ചതു തന്നെ ഭരണത്തിന്റെ തലപ്പത്ത് സാമുദായിക പ്രാതിനിധ്യം ഉറപ്പിക്കാനാണെന്ന് സുകുമാരൻ നായർ ആണയിട്ടു പറയുന്നു. തൊള്ളായിരത്തി പതിനാറ് മതേതര പാർട്ടിയായി കരുതപ്പെടുന്ന കോൺഗ്രസ് നാളിതുവരെ കൊണ്ടു നടന്ന മതേതര സർട്ടിഫിക്കറ്റാണ് പെരുന്നയിലിരുന്നുകൊണ്ട് സുകുമാരൻ നായർ വലിച്ചുകീറി ചുവരിലൊട്ടിച്ചത്. മന്ത്രി സഭയിലെ രാമനായി തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്ന കറുത്ത നായർ ഇരിപ്പുണ്ടെങ്കിലും അതു പോരാ വെളുത്ത നായർ തന്നെ വേണം എന്നും അതും ഉപമുഖ്യമന്ത്രി സ്ഥാനമെങ്കിലും കിട്ടിയാലേ സാമുദായിക പ്രാതിനിധ്യം അർഹമായ വിധത്തിലാകൂ എന്നുമാണ് അഭിനവ മന്നം മനസ്സിലിരിപ്പ് പ്രകടമാക്കിയത്.

ഇടതു വലതു രാഷ്ട്രീയ കക്ഷികളെ കേരളത്തിന്റെ രാഷ്ട്രീയ ഭൂമികയിലേക്ക് നേരിട്ടിറങ്ങാതെ സാമുദായിക കളങ്ങളിലേക്ക് ചുരുട്ടിക്കൂട്ടിയെടുക്കുന്ന രീതി എൻ എസ് എസിന് പുതിയതല്ല. പിറവി മുതൽ തന്നെ അതിന്റെ മേൽ ആരോപിതമാണാ കുറ്റം. ആരു ഭരിച്ചാലും, ദീപസ്തംഭം മഹാശ്ചര്യം.... എന്ന നിലയിൽ സംഘടനയ്ക്ക് സ്ഥാപനങ്ങളും സർക്കാരിൽ നിന്ന് ആനുകൂല്യങ്ങളും എന്നു തുടങ്ങി ക്രിസ്ത്യാനിയായ മുഖ്യമന്ത്രിയും ക്രിസ്ത്യാനിയായ യു ഡി എഫ് കൺവീനറുമുള്ള കേരളത്തിലെ മന്ത്രിസഭയിൽ നായർക്കുള്ളത് നായർക്ക് എന്നു കണക്കു പറഞ്ഞു വാങ്ങുന്ന കാഴ്ച മലയാളികൾക്ക് കണ്ടു പരിചയമുള്ളതാണ്.

ചങ്ങനാശ്ശേരിയിലെ പെരുന്നയിലെ എൻ എസ് എസ് ആസ്ഥാനത്ത് രാഷ്ട്രീയ ഹൈക്കമാൻഡുകൾ തെരഞ്ഞെടുപ്പു കാലത്ത് ഇളനീരു കുടിക്കാൻ പോകുക എന്നത് കാലാകാലങ്ങളിലുള്ള സാമ്പ്രദായിക ശീലമായി മാറിയപ്പോൾ, ശീലം കൊണ്ട് വന്നു ചേർന്നതു കൂടിയാണ് ഇപ്പോൾ കാണുന്ന ധാർഷ്ട്യം. കേരളത്തിലെ നായൻമാരെ മൊത്തത്തിൽ രാഷ്ട്രീയ ഭേദമന്യെ പ്രതിനിധാനം ചെയ്യുന്നില്ല എൻ എസ് എസ് എന്നതു യാഥാർഥ്യമാണ്.

എൻ എസ് എസ് പ്രതിനിധാനം ചെയ്യുന്നത് ഭൂരിപക്ഷത്തെയോ?

ഒരു സാമുദായിക കക്ഷി എന്നതിനപ്പുറത്തേക്ക് മുസ്‌ലിം ലീഗിനു ബദലായി നിൽക്കുന്ന രാഷ്ട്രീയ കക്ഷി എന്ന നിലയിലേക്ക് രാഷ്ട്രീയം പറയുന്നു പലപ്പോഴും എൻ എസ് എസ്.



എൻ എസ് എസ് നേതൃത്വം പലപ്പോഴായി പ്രതിനിധാനം ചെയ്യുന്നു എന്നവകാശപ്പെട്ടത് ഇവിടത്തെ ഭൂരിപക്ഷത്തെയാണ്. കേരള ജനസംഖ്യയിൽ നാ യന്മാർ എവിടെ നിൽക്കുന്നുവെന്ന് ഓർത്തുനോക്കുന്നത് ഈ സാഹചര്യത്തിൽ പ്രയോജനപ്പെടുമെന്നു തോന്നുന്നു.

ജാതി തിരിച്ചുള്ള സെൻസസ് അവസാനമായി നടന്നത് സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പ് 1931ലാണ്. അതിനു ശേഷം ഔദ്യോഗികമായ കണക്കുള്ളത് 1968ൽ കേരള സർക്കാർ നടത്തിയ സാമൂഹ്യ സാമ്പത്തിക സർവെ ആണ്. ഇതു പ്രകാരം കേരളത്തിലെ നായൻമാരുടെ എണ്ണം 14.41 ശതമാനമാണ്. വളരെ കൃത്യമായ കണക്കുകളുടെ പിൻബലമില്ലെങ്കിലും 2000 ത്തിൽ കേരള സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ സാമ്പിൾ സർവെ പ്രകാരം സംസ്ഥാനത്തെ നായൻമാരുടെ എണ്ണം 14 ശതമാനമാണ്. ഏറ്റവും കൂടുതൽ നായൻമാരുള്ളത് കൊല്ലം ജില്ല (17.8) യിലാണ്. രണ്ടാമത് കണ്ണൂരും (13.1) മൂന്നാമത് തിരുവനന്തപുരവുമാണ് (12.9). സാമുദായിക സമവാക്യങ്ങളുദ്ധരിക്കുമ്പോൾ വിട്ടുപോകാൻ പാടില്ലാത്തതായി പരിഗണിക്കപ്പെടുന്ന മലപ്പുറത്ത് നായൻമാരുടെ പ്രാതിനി ധ്യം മൊത്തം നായൻമാരുടെ 1.8 ശതമാനം മാത്രമാണ്.

ഇനിയൽപം ബോറൻ കണക്കാണ്. കേരളത്തിലെ ജനസംഖ്യയുടെ സാമുദായിക കണക്ക് നേരത്തെ നാം ഒരുപാടു തവണ വായിച്ചതാവാം. ക്ഷമിക്കുക, ഒരിക്കൽ കൂടി വായിക്കാൻ കനിവുണ്ടാകുക. സമുദായം തിരിച്ച് ശതമാനത്തിൽ

ഈഴവ- 22.91, നായർ - 12.88, പുലയ- 3.27, ബ്രാഹ്മണ- 1.59, ഹിന്ദു ആദിവാസി - 1.07, ചെറുമൻ - 0.99, കുറവർ - 0.84, മറ്റു പട്ടികജാതി - 4.71, വിശ്വകർമ - 0.3, അമ്പലവാസി - 0.2, വണിക വൈശ്യ- 0.2. സീറോ മലബാർ, സീറോ മലങ്കര- കത്തോലിക്ക- യാക്കോബായ, മലങ്കര ഓർത്തഡോക്സ്, മാർത്തോമാ, സി എസ് ഐ സഭകൾ ഉൾപ്പെടെ സിറിയൻ ക്രിസ്ത്യൻ- 12.25, ലാറ്റിൻ ക്രിസ്ത്യൻ - 4.28, ക്രിസ്ത്യൻ ആദിവാസി - 0.07, നാടാർ - 1.04, മറ്റു ക്രിസ്ത്യൻ- 1.35, ധീവരർ ഉൾപ്പെടെ മറ്റുള്ളവർ - 6.00, മുസ്ലിം - 24.05.

ഇനി പറയൂ, എണ്ണത്തിലുള്ള ഭൂരിപക്ഷമാണ് എല്ലാത്തിന്റെയും അടിസ്ഥാനമെന്ന എൻ എസ് എസിന്റെ വാദം അംഗീകരിച്ചാൽ ആർക്കാണ് ഇവിടെ ഭൂരിപക്ഷം? ബ്രാഹ്മണനെ തൊട്ടാൽ അയിത്തം തട്ടുന്ന കൂട്ടത്തിൽ പെടുത്തിയിരുന്ന നായരും തീണ്ടാപ്പാടകലെ (24 അടി) നിൽക്കേണ്ടി വന്നബാക്കിയുള്ള 'അയിത്ത ജാതിക്കാരും' ഉൾപ്പെടുന്ന ഭൂരിപക്ഷത്തെക്കുറിച്ചാണോ സുകുമാരൻ നായർ ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഭൂരിപക്ഷത്തിന്റെ അവകാശങ്ങൾ എന്നു സുകുമാരൻ നായർ പറയുമ്പോൾ എൻ എസ് എസ് കോളെജുകളിലും സ്ഥാപനങ്ങളിലും പണമില്ലെങ്കിൽ ഇപ്പോഴും തീണ്ടാപ്പാടകലെ നിൽക്കേണ്ടി വരുന്ന ലക്ഷക്കണക്കിന് അഭിനവ 'അയിത്ത ജാതിക്കാർ' അതിന്റെ വിശാലപരിധിയിലെവിടെയെങ്കിലും വരുമോ?

24.05 ശതമാനമുള്ള മുസ്ലിംകളുടെ ജനസംഖ്യാനുപാതിക പ്രാതിനിധ്യ ഭരണത്തിലും ഉദ്യോഗത്തിലും വിദ്യാഭ്യാസമുൾപ്പെടെയുള്ള സമസ്ത മേഖലകളിലും വേണമെന്ന ആവശ്യങ്ങൾ ഉയരുമ്പോൾ ജനാധിപത്യ മതേതര വിശ്വാസം മുറുകെപ്പിടിക്കുന്ന എൻ എസ് എസ് അതിനെ പിന്തുണക്കുകയല്ലേ ചെയ്യേണ്ടത്. സമുദായം തിരിഞ്ഞ് ഓരോന്നും പരസ്പരം വെള്ളവും കാറ്റും കടക്കാത്ത കമ്പാർട്ട്മെന്റുകളാക്കുകയല്ല, സഹവർത്തിത്വത്തിന്റെ ഭാഷയിൽ, അനുനയത്തിന്റെ സംസ്കാരത്തിൽ നിലയുറപ്പിച്ചുകൊണ്ട് സമൂഹത്തിൽ ഇടപെടുക എന്നത് സാമുദായിക നേതാക്കളുടെ പ്രാഥമിക ബാധ്യത ആകുന്നത് ഇവിടെയാണ്.


പരിഭവത്തിൽ കാര്യമുണ്ടോ?

ഇവിടൊന്നും കിട്ടിയില്ലാ.... ഇവിടാരുമൊന്നും തന്നില്ലാ.... എന്നു പന്തിയിലിരുന്നു പരാതി പറയുന്നൊരു കഥാപാത്രമുണ്ട്, നെടുമുടി വേണുവിന്റെ. ഇതേ ശബ്ദമാണ് പലപ്പോഴും ചാനൽ ചർച്ചകളിൽ മുഴങ്ങുന്ന പരിഭവപ്പുഴകളുടെ അടിസ്ഥാനമെന്നു തോന്നാറുണ്ട്. ശരിക്കും, ഒന്നും കിട്ടിയിട്ടില്ലേ..

കേരള സർക്കാർ കഴിഞ്ഞാൽ വാർഷിക ബജറ്റ് അവതരിപ്പിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന സാമുദായിക സംഘടന എൻ എസ് എസ് അല്ലേ. എയ്ഡഡ് മേഖലയിൽ എൻ എസ് എസ് മാനേജ്മെന്റിനു കീഴിലുള്ള സ്ഥാപനങ്ങൾ വഴി ഒന്നു കണ്ണോടിച്ചു നോക്കാം. ഹൈസ്കൂൾ - 66, യു പി സ്കൂൾ - 20, എൽ പി സ്കൂൾ - 14, ടി ടി ഐ - 3, ഹയർസെക്കന്ററി സ്കൂൾ - 32, വി എച്ച് എസ് ഇ - 2. അൺ എയ്ഡഡ് മേഖലയിൽ ഹയർസെക്കന്ററി സ്കൂൾ - 7, ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ - 14. ഇനി കോളെജുകൾ. കേരള സർവകലാശാലക്ക് കീഴിൽ - 10, മഹാത്മാഗാന്ധി - 5, കലിക്കറ്റ് - 6, കണ്ണൂർ- 1, തിരുനൽവേലി - 1. അൺ അഫിലിയേറ്റഡ് ആയി തൃപ്പൂണിത്തുറയിലും പെരുന്താന്നിയിലും ധനുവച്ചപുരത്തും മൂന്നു കോളെജുകൾ.

വിദ്യാഭ്യാസ മേഖലയ്ക്ക് പുറമെ ആതുര ശുശ്രൂഷാ രംഗത്തും





എൻ എസ് എസിന്റെ സാന്നിധ്യം ശ്രദ്ധേയമാണ്. 12 മെഡിക്കൽ മിഷൻ ആശുപത്രികൾ മാനേജ്മെന്റിനു കീഴിലുണ്ട്. പെരുന്നയിലും പന്തളത്തും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ പണി അവസാന ഘട്ടത്തിലാണ്. കുമ്മണ്ണൂരിൽ പുതിയ ആയുർവേദ ആശുപത്രി തുടങ്ങിയത് കഴിഞ്ഞ മെയ് മാസത്തിലാണ്. മഞ്ചേരിയിൽ ആയുർവേദ ആശുപത്രിക്കുള്ള നീക്കങ്ങളും അന്തിമഘട്ടത്തിലാണ്.

ദീർഘവീക്ഷണത്തോടെ സമുദായിക പ്രവർത്തനങ്ങൾക്കുള്ള നിത്യവരുമാനത്തിനു വേണ്ടി സാമുദായികാചാര്യൻ മന്നത്തു പത്മനാഭന്റെ കാലത്തു തന്നെ തുടങ്ങിയതാണ് കാർഷിക മേഖലയിലുള്ള നിക്ഷേപങ്ങൾ. കൊല്ലം ജില്ലയിലെ പട്ടാഴിയിലും പത്തനംതിട്ടയിൽ നൂറോക്കാട്, ദയാനന്ദപുരം, എടത്തനാട്ടുകര, നെല്ലിപ്പതി, കാസർക്കോട്ട് പാണത്തൊടി, കോട്ടയത്ത് കറുകച്ചാൽ, മൈലാടി എസ്റ്റേറ്റുകൾ എൻ എസ് എസിന്റേതായുണ്ട്. ഗുരുവായൂർ, കേശവദാസപുരം, പന്തളം, കോട്ടയം എന്നിങ്ങനെ നാലിടങ്ങളിലായി ഗസ്റ്റ് ഹൗസുകൾ. സംസ്ഥാനത്തങ്ങോളമിങ്ങോളമായി 15 വർക്കിങ് വിമൻസ് ഹോസ്റ്റലുകൾ, പെരുന്ന കേന്ദ്രമാക്കി മൂന്ന് കോ.ഓപ്പറേറ്റീവ് സൊസൈറ്റികൾ, വിയ്യൂരിൽ ബാലഭവൻ തുടങ്ങി എൻ എസ് എസിന്റെ വ്യവസ്ഥാപിത സേവന മേഖലകൾ പരന്നു കിടക്കുകയാണ്.നടപ്പു വർഷത്തിൽ 95.5 കോടി രൂപയുടെ ബജറ്റാണ് എൻ എസ് എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ അവതരിപ്പിച്ചത്. മുൻവർഷം ഇത് 76.25 കോടിയായിരുന്നു.

സംവരേണതര സമുദായങ്ങളിലെ മുന്നാക്ക സംവരണം എന്നതാണ് എൻ എസ് എസ് വിവിധ സർക്കാരുകളുമായി കൊമ്പു കോർക്കുന്ന പ്രധാന വിഷയങ്ങളിലൊന്ന്. എയ്ഡഡ് അധ്യാപക നിയമനം സംബന്ധിച്ച അധ്യാപക ബാങ്ക് ഉൾപ്പെടെയുള്ള പാക്കേജും എൻ എസ് എസിനെ വീണ്ടും ചൊടിപ്പിച്ചു. ശമ്പളവും ആനുകൂല്യങ്ങളും നൽകാൻ സർക്കാരും നിയമിക്കാൻ മാനേജ്മെന്റും എന്ന സമ്പ്രദായത്തെ മാനേജ്മെന്റുകളുടെ അനിഷ്ടം ക്ഷണിച്ചുവരുത്തുമെന്നറിഞ്ഞിട്ടും നടപ്പാക്കാൻ ഇച്ഛാ ശക്തി കാട്ടുന്നു എന്നതിൽ സർക്കാരിനെ അഭിനന്ദിക്കാതെ വയ്യ.

'ദൂര' രാഷ്ട്രീയത്തിന്റെ ശരികൾ

'എൻ എസ് എസിന് രാഷ്ട്രീയമില്ല' എന്നത് ഒരു തമാശയായാണ് രാഷ്ട്രീയ കേരളം ഇന്നു കാണുന്നത്. പരിണതപ്രജ്ഞനായ പി കെ നാരായണ പണിക്കർ അമരത്തിരുന്ന മൂന്നു പതിറ്റാണ്ട് കാലം എൻ എസ് എസിൽ നിന്ന് രാഷ്ട്രീയ സമ്മർദ്ദങ്ങളേറെയുണ്ടായിട്ടുണ്ടെങ്കിലും പക്വമായ സമീപനം അതിന്റെ സ്ഥായീഭാവമായിരുന്നു. എഴുപതുകൾ വരെ മന്നത്തു പത്മനാഭന്റെ ഭരണകാലത്തുണ്ടാക്കിയ സ്ഥാവര ജംഗമ സ്വത്തുക്കൾക്കുമപ്പുറം ഏറെ ദൂരം താണ്ടാൻ എൻ എസ് എസിന് സാധിച്ചതിന്റെ ക്രെഡിറ്റ് പണിക്കർക്കു കൂടിയുള്ളതാണ്. കഴിഞ്ഞ വർഷമാണ് പണിക്കരില്ലാത്ത എൻ എസ് എസിന്റെ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് ജി സുകുമാരൻ നായർ കടന്നുവന്നത്.

രാഷ്ട്രീയമായി സ്വീകരിക്കുന്നു എന്നു പറയപ്പെടുന്ന 'സമദൂര'ത്തിൽ നിന്ന് എൻ എസ് എസ് പിറവം ഉപതെരഞ്ഞെടുപ്പിൽ 'ശരിദൂരം' എന്ന പുതിയ സിദ്ധാന്തം രൂപപ്പെടുത്തിയെടുത്തു. ജനാധിപത്യത്തിൽ വിശ്വസിക്കുന്നതുകൊണ്ട് സർക്കാരിനെ അസ്ഥിരപ്പെടുത്തേണ്ടെന്നു കരുതിയാണ് അത്തരമൊരു സമീപനം സ്വീകരിച്ചതെന്നൊരു വിശദീകരണവും വന്നു അന്ന്. എന്നാൽ പിറവത്തു നിന്നും നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പു വന്നപ്പോൾ അതിശക്തമായ പ്രതിഷേധവുമായി വീണ്ടും 'സമദൂര'ത്തിലേക്ക് തിരിച്ചു വന്നു.

ഓരോ തെരഞ്ഞെടുപ്പിനു മുമ്പും ശേഷവും ഉത്തരം താങ്ങികളായി സമുദായസംഘടനകളുടെ നേതാക്കൾ പ്രസ്താവനകളുമായി രംഗത്തിറങ്ങാറുണ്ട്. കിരിയത്തു മുതൽ വിളക്കിത്തല വരെ ചെയ്തിരുന്ന തൊഴിലനുസരിച്ച് 18 വിഭാഗങ്ങളിൽ പെടുന്ന എല്ലാ നായൻമാരെയും എൻ എസ് എസ് പ്രതിനിധാനം ചെയ്യുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. രാഷ്ട്രീയമായി യു ഡി എഫിനോട് അടുത്തു നിൽക്കുന്ന 'സമദൂരം' മാത്രം സ്വീകരിച്ചു പോരുന്ന എൻ എസ് എസിന്റെ ജനസംഖ്യാ കണക്കിൽ നിന്ന് ഇടതു പക്ഷ നിലപാടെടുക്കുന്ന നായൻമാരെ കൂടി മാറ്റി നിർത്തിയാൽ പിന്നെ എത്ര ശതമാനം ആളുകളെയാണ് പെരുന്ന ആസ്ഥാനമായുള്ള നായർ സർവീസ് സൊസൈറ്റി പ്രതിനിധാനം ചെയ്യുന്നതെന്ന ചോദ്യം കൂടുതൽ പ്രസക്തമാകും.

അഞ്ചാം മന്ത്രിസ്ഥാനത്തിന്റെ പേരിൽ യു ഡി എഫ് സർക്കാർ ന്യൂനപക്ഷ സമ്മർദ്ദത്തിനു വഴങ്ങിയെന്ന ആരോപണം ഉന്നയിച്ച് കേരളത്തിന്റെ സാമുദായിക ഭൂപടത്തിൽ കലാപസമാനമായ അന്തരീക്ഷത്തിന് കോപ്പു കൂട്ടിയത് എൻ എസ് എസായിരുന്നു. പതിറ്റാണ്ടുകൾക്ക് മുമ്പ് പറയും കോലും അളവുകളായിരുന്ന കാലത്ത് മൂന്നിൽ രണ്ടു ഭാഗം ഭൂവസ്തുക്കളും കയ്യടക്കിവച്ചിരുന്ന ഗതകാല പ്രതാപത്തിന്റെ ചാരുകസേരകളിൽ കാലുനീട്ടിയിരിക്കുന്ന കാരണവരുടെ മേനിപറച്ചിലിനുമപ്പുറം സാമുദായിക വിഷലിപ്തമായിരുന്നു അന്നു പ്രയോഗിച്ച വാക്കുകളിലേറെയും.


മന്ത്രിസഭയിലെ അംഗങ്ങളെ നിശ്ചയിക്കാനും വകുപ്പുകൾ നിശ്ചയിക്കാനും മുഖ്യമന്ത്രിക്കാര് അധികാരം നൽകി എന്നുവരെ ചോദിച്ചുകൊണ്ടാണ് ജി സുകുമാരൻ നായർ കേരളത്തിന്റെ ക്ഷമയെ വീണ്ടും ചോദ്യം ചെയ്തത്. കരപ്രമാണിയുടെ മാടമ്പി ഭാഷയിൽ, രമേശ് ചെന്നിത്തലയെന്ന കെ പി സി സി പ്രസിഡന്റിനെ ഭരണത്തിന്റെ താക്കോൽസ്ഥാനത്ത് പ്രതിഷ്ഠിച്ചില്ലെങ്കിൽ വാഴുന്നോരെ വീഴ്ത്തുമെന്നുവരെ പ്രഖ്യാപിച്ചു സുകുമാരൻ നായർ. പ്രതികരിക്കാൻ വൈകിയ മണിക്കൂറുകളിൽ ചെന്നിത്തലയാണ്



ജനമനസ്സുകളിൽ ചെറുതായത്.
'പിന്നിൽ ഗൂഢാലോചന' എന്ന പതിവു പല്ലവി കൊണ്ടാണ് ഇറങ്ങിയതെങ്കിലും അതെങ്കിൽ അത്, എന്ന നിലയിൽ കേരളം അത് സ്വീകരിച്ചു. നോമിനേറ്റഡ് അംഗം ഉൾപ്പെടെ 141 അംഗങ്ങളുള്ള നിയമസഭയിൽ 73 അംഗങ്ങളുള്ള യു ഡി എഫിൽ 20 അംഗങ്ങൾ മുസ്‌ലിം ലീഗിന്റെ സംഭാവനയാണ്. മൂന്നിലൊന്ന് എന്ന നാടൻ കണക്കു കൂട്ടിയാൽ പോലും ആറ് മന്ത്രിസ്ഥാനങ്ങൾക്ക് വേണമെങ്കിൽ അവകാശവാദം ഉന്നയിക്കാം. സാമുദായിക പാർട്ടികളായിട്ടല്ല, രാഷ്ട്രീയ പാർട്ടികളായിട്ടാണ് കക്ഷികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതെന്ന പ്രാഥമിക ബോധം ഇല്ലാഞ്ഞിട്ടല്ല, മന്ത്രിസഭയിലെ സാമുദായിക പ്രാതിനിധ്യത്തെക്കുറിച്ച് എൻ എസ് എസ് പരിഭവം പറയുന്നത്. മുസ്‌ലിംകൾ എന്തോ അനർഹമായത് നേടിക്കൊണ്ടിരിക്കുന്നു എന്ന ഇനിയും തിരുത്തപ്പെടാത്ത, അതിലേറെ പൊരുത്തപ്പെടാത്ത മിഥ്യാധാരണ പുലർത്തുന്നതുകൊണ്ടാണത്.

ലക്ഷ്യത്തിലേക്കുള്ള പൊതുവഴികൾ

അവരവരുടെ സമുദായങ്ങൾക്ക് ആവശ്യമായത് നേടിക്കൊടുക്കുകയെന്നത് തന്നെയാണ് ഓരോ സാമുദായിക സംഘടനകളുടെയും പരമ പ്രധാനമായ ലക്ഷ്യം. ഇവിടെയാണ് ജാതിപ്പേര് വേണ്ടെന്നു വച്ച് മാതൃക കാട്ടിയ മന്നത്ത് പത്മനാഭന്റെ മാതൃക, നേതാക്കൾ അണികളെ ഓർമപ്പെടുത്തേണ്ടത്. സംഘടനാ രൂപീകരണ വേളയിൽ സ്വീകരിക്കേണ്ട പ്രതിജ്ഞ, അത് കേവലം വാക്കുകളാകരുത്. പ്രവൃത്തി പഥത്തിലേക്കു വെളിച്ചം വിതറുന്ന കൈത്തിരിയാകണമത്.



"സ്വസമുദായ സ്നേഹമെന്നാൽ ഇതര സമുദായങ്ങളോട് വൈരമെന്നർത്ഥമില്ല. അവനവൻ നന്നാവണമെന്ന ആഗ്രഹം കൊണ്ട് മറ്റുള്ളവരുടെ വളർച്ചയിൽ അസൂയ ഉണ്ടാവരുത്" എന്നു മന്നം പറഞ്ഞത് നായൻമാരെ അഭിമുഖീകരിച്ചാണെങ്കിലും കേരളത്തിന്റെ സാമുദായിക സൗഹാർദത്തിന്റെ അന്തരീക്ഷത്തിൽ അത് എല്ലാ സമുദായങ്ങൾക്കുമുള്ള പ്രാഥമിക പാഠം കൂടിയാണ്.

രാഷ്ട്രീയതാൽപര്യങ്ങൾക്കു വേണ്ടി സാമുദായിക നേതാക്കൾക്ക് അർഹിക്കുന്നതിലുമേറെ പ്രാധാന്യം നൽകുന്ന രാഷ്ട്രീയ നേതാക്കൾക്കുള്ള മുന്നറിയിപ്പു കൂടിയാണ് രമേശ് ചെന്നിത്തല കടന്നു പോകുന്ന അവസ്ഥ. പതിറ്റാണ്ടുകൾ കൊണ്ട് പടുത്തുയർത്തിയ മതേതര പ്രതിച്ഛായക്കു പകരം കോൺഗ്രസിലെ നായർ പ്രതിനിധി മാത്രമായി പ്രൊഫൈൽ ചുരുങ്ങിപ്പോകുമ്പോഴും നിസ്സഹായനായി നോക്കി നിൽക്കുക, അത് അനുഭവിച്ചവർക്കേ മനസ്സിലാകൂ. സാമുദായിക സംഘടനകളുടെ ആസ്ഥാനങ്ങളിൽ സന്ദർശനത്തിനെത്തുന്ന രാഷ്ട്രീയ നേതൃത്വത്തെ രാഷ്ട്രീയ ഭിക്ഷാംദേഹികളായി കണക്കാക്കാതിരിക്കാനുള്ള വിവേകം സമുദായ നേതൃത്വം കൂടി പ്രകടിപ്പിച്ചാൽ അമിത പ്രതീക്ഷ കൊണ്ടുണ്ടാകാവുന്ന നഷ്ടബോധവും കുണ്ഠിതവും ഒഴിവാക്കുകയും ചെയ്യാം.

ഭൂരിപക്ഷവും ന്യൂനപക്ഷവും അത് ഏതു സമുദായത്തിന്റെ കള്ളിക്കകത്തു വരുന്നതായാലും ശരി, ശത്രുപക്ഷത്തു നിൽക്കേണ്ടവരാണ് എന്ന പൊതുബോധം മാറ്റിയെഴുതേണ്ടതുണ്ട്. വളർച്ചയുള്ള ഒരു സമൂഹത്തിന്റെ വിവിധ ഘടകങ്ങൾ എന്ന നിലയിൽ പൊതു ഇടങ്ങൾ കണ്ടെത്താനും അവിടെ നിലയുറപ്പിച്ച് ആരോഗ്യകരവും ജനാധിപത്യപരവുമായ മാർഗങ്ങളിലൂടെ അർഹമായ അവകാശങ്ങൾ നേടിയെടുക്കുകയും ചെയ്യുന്ന സാമൂഹ്യപ്രവർത്തനമാണ് ഇന്നിന്റെ രാഷ്ട്രീയം. ഇത് തിരിച്ചറിയാൻ സമുദായ സംഘടനാ തലപ്പത്തിരിക്കുന്നവർ പരാജയപ്പെട്ടാൽ പടക്കപ്പുരയിലിരുന്ന് തീക്കൊള്ളികൊണ്ട് മുതുക് ചൊറിയുന്നവരുടെ അനുഭവമാകും കേരളീയ സമൂഹത്തിനുണ്ടാവുക. വീണ്ടും മന്നത്തു പത്മനാഭന്റെ വാക്കുകൾ ഉദ്ധരിച്ചു കൊണ്ട് നിർത്താം. "സർവ സമുദായങ്ങളും സൗഹാർദ്ദത്തോടു കൂടി പരസ്പരം സ്നേഹിച്ചും സഹകരിച്ചും കഴിയുന്ന കേരളമാണ് ഞാൻ സ്വപ്നം കാണുന്നത്. ആ കേരളം കർമ്മഭൂമിയായ ഭാരതത്തിന്റെ അഭിമാനഘടകമായിരിക്കും."

പ്രബന്ധ, ചെറുകഥാ മത്സരം

റിയാദ് കെ.എം.സി.സി മലപ്പുറം ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ പുറത്തിറക്കികൊണ്ടിരിക്കുന്ന വചനം ഇ മാഗസിന്റെ ആഭിമുഖ്യത്തിൽ പ്രബന്ധ, ചെറുകഥാ മത്സരം നടത്തുന്നു.

വിഷയം

"ന്യൂനപക്ഷ രാഷ്ട്രീയം, ദൗത്യവും നിയോഗവും"

പത്തുപുറത്തിൽ കവിയരുത്. ചെറുകഥക്ക് പ്രത്യേക വിഷയമില്ല. സൃഷ്ടികൾ ഫെബ്രുവരി 28 ന് മുൻപ് vachanamkmcc@gmail.com എന്ന വിലാസത്തിൽ അയക്കുക. കൂടുതൽ വിവരങ്ങൾക്ക് 0542418989 എന്ന നമ്പറിൽ ബന്ധപ്പെടുക.



കവിത



ആത്മാക്കൾ പ്രണയിക്കുമ്പോൾ

സബീന എം. സാലി

ആദ്യം അവളാണ് പറഞ്ഞത്
നീ എന്റെ ആത്മാവെന്ന്
ശേഷം അവനും അത് പിന്തുടർന്നു
നീയാണ് എന്റെ ആത്മാവ്
ശരീരമില്ലാത്ത ആത്മാക്കളായി
മാനസങ്ങളുടെ കൈ പിടിച്ച്
വർഷങ്ങളുടെ കൂടക്കീഴിലൊളിച്ച്
വെയിൽ തിന്ന് മഴ നനഞ്ഞ്
വാക്കുകൾ സായകമാക്കി
ആത്മാക്കളുടെ ഭോഗങ്ങൾ
സ്വാർത്ഥത,
അവളുടെ ആത്മാവിനെ ആദ്യം ഗ്രസിച്ചു
നീ എന്തേതുമാത്രമെന്ന നിബന്ധനയോടെ
ചുവപ്പു ചുറ്റിയ പ്രദോഷത്തിൽ
അവർ ആത്മദാഹിയായി
അവർ ശരീരമോഹിയും.
മേനി അടിയറ വയ്ക്കാത്ത
അവളുടെ ആത്മാവിനോടവർ കയർത്തു
പെണ്ണല്ലേ വർഗം ....!!!
അവർക്കെന്താത്മാവ്
കേവലം ശരീരത്തിലൊടുങ്ങേണ്ടവർ.
വൃഥയില്ലാതെ, തളരില്ലാതെ
അവളുടെ ആത്മാവപ്പോഴും
ഒരു പ്രണയ കവിത കുറിക്കുകയായിരുന്നു.



സുലൈമാൻ ഊരകം

തിരിച്ചുപോക്കിനെ ഭയപ്പെടേണ്ടതുണ്ടോ..?

സ്വദേശിവത്കരണത്തിന്റെ പാതയിൽ ഗൾഫ് രാജ്യങ്ങൾ മുന്നേറുമ്പോൾ ഒരു തിരിച്ചുപോക്കിന് സമയമായെന്ന് നൊമ്പരപ്പെടുകയാണ് പ്രവാസികൾ. മാതൃരാജ്യത്തേക്ക് മടങ്ങിയാൽ ഭാവി ജീവിതം എങ്ങനെ മുന്നോട്ട് കൊണ്ട് പോകുമെന്ന ആകുലതയിൽ തങ്ങളുടെ ദുഃഖം സ്വമനസ്സിൽ കടിച്ചിറക്കി അവർ കഴിയുന്നു. പകലന്തിയോളം കഠിനപ്രയത്നം നടത്തിയാൽ എല്ലാം നേടാമെന്ന അനുഭവപാഠം പ്രവാസജീവിതം സമ്മാനിച്ചിട്ടും അതുൾകൊള്ളാനുള്ള മനക്കരുത്ത് ഇല്ലാതെ പോയതാണ് ഗൾഫുകാരന്റെ മടക്കയാത്രയെ കുറിച്ചുള്ള ഉത്കണ്ഠക്കാധാരം.

ഗൾഫ് പ്രവാസത്തിന് അറുപതാണ്ട് പിന്നിടുമ്പോഴും പ്രത്യേക താത്പര്യങ്ങളോ മറ്റോ ഇല്ലാതെ മുൻഗാമികൾ തെളിയിച്ച അതേ പാതയിൽ നടന്നകലുകയാണ് ഓരോരുത്തരും. കുടുംബത്തിന്റെ ക്ഷേമ സ്വപ്നങ്ങളിൽ മുഴുകി ഓരോ ദിനവും തള്ളിനീക്കുമ്പോൾ വേദനകളും നൊമ്പരങ്ങളും പീഡനങ്ങളും അവഗണനയും സഹനവും ഏകാന്തതയും വിടാതെ പിന്തുടരുന്ന ലക്ഷക്കണക്കിന് പ്രവാസികൾക്ക് തിരിച്ചുപോക്ക് ഒരു നൊമ്പരമാവാൻ പാടില്ല. എവിടെയായാലും അധ്വാനിക്കണം എന്നേയുള്ളൂവെന്നാണ് പ്രവാസജീവിതത്തിന്റെ കൈമുതൽ.

ഏതു ജോലിയും ചെയ്യുമെന്ന് നിശ്ചയത്തോടെ വിമാനം കയറി മരുഭൂമിയിലെത്തി അവിദഗ്ധ തൊഴിലാളിയായി അലഞ്ഞ് ഒടുവിൽ വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടി കഴിവുതെളിയിച്ചവരാണ് മിക്ക പ്രവാസികളും. നിശ്ചയ ദാർഢ്യവും അധികാരികളുടെ പിന്തുണയുമുണ്ടെങ്കിൽ മലയാള മണ്ണിൽ പൊന്ന് വിളയിക്കാൻ പോലും സാധിക്കും പ്രവാസികൾക്ക്.

അന്യനാട്ടിലെ ഏകാന്ത ജീവിതത്തിന്റെ കൂട്ടിക്കിഴക്കലുകൾക്ക് ശേഷമുള്ള

ബാലൻസ് പരിശോധിച്ചാൽ മാതൃ രാജ്യം തന്നെയാണ് എന്തുകൊണ്ടും നല്ലത്. അക്കാദമിക് സർട്ടിഫിക്കറ്റോ സാങ്കേതിക പരിജ്ഞാനമോ ഇല്ലാത്ത പൊങ്ങച്ചവും വൈറ്റ്കോളർ ജോലിയും മാത്രം ശീലമുള്ള വർക്ക് ഒരുപക്ഷേ തിരിച്ചുപോക്ക് അസഹനീയമായിരിക്കാം. മടക്കയാത്രക്ക് മുൻകൂട്ടി പദ്ധതി തയ്യാറാക്കാനും പ്രവാസം നമ്മെ പഠിപ്പിച്ചതാണ്.

ഗൾഫ് മേഖലയിൽ തൊഴിലില്ലായ്മ രൂക്ഷമാകുന്നത് കണ്ടില്ലെന്ന് നടിക്കാൻ ഇവിടുത്തെ അധികാരി വർഗത്തിന് സാധിക്കില്ല. എൺപത് ലക്ഷം വിദേശികളുള്ള സഊദി അറേബ്യയിൽ ഇരുപത് ലക്ഷത്തോളം സ്വദേശികൾ തൊഴിൽരഹിതരാണെന്ന കണക്ക് ഞെട്ടിപ്പിക്കുന്നത് തന്നെയാണ്. ഈജിപ്തിലും ടുണീഷ്യയിലും യമനിലും സിറിയയിലുമടക്കം വിവിധ അറബ് രാജ്യങ്ങളിൽ ആഞ്ഞുവീശിയ അറബ് വസന്തം ഗൾഫ് രാജ്യങ്ങളുടെ അതിർത്തികളിൽ അവസാനിച്ചത് നമ്മുടെ ഭാഗ്യമാണ്. അല്ലെങ്കിൽ നാം എന്നോ മടക്കയാത്ര പൂർത്തിയാക്കുമായിരുന്നു. ഈ സാഹചര്യത്തിൽ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ സാഹചര്യം ഒരുക്കിക്കൊടുക്കുകയെന്ന ഉത്തരവാദിത്തം ഭരണാധികാരികൾക്ക് എത്രകാലം വിസ്മരിക്കാനാകും.

ചെറിയ പ്രതിഷേധ സമരങ്ങൾക്ക് പോലും അധികാരികൾ അവസരം നൽകില്ലെന്നത് വാസ്തവമാണ്. പൗരന്മാരുടെ അവകാശങ്ങൾ അനുവദിച്ചേ മതിയാകൂ. അല്ലെങ്കിൽ അത് അരക്ഷിതാവസ്ഥക്ക് വഴിയൊരുക്കും. അന്യനാട്ടിലെ തൊഴിൽസാഹചര്യം ഇത്രയും കാലം അനുഭവിച്ചതിന് ഇവിടുത്തെ ഭരണാധികാരികൾക്കും പൗരന്മാർക്കും നന്ദി പറയുകയാണ് നാം ചെയ്യേണ്ടത്.

എന്നാൽ ഗൾഫിലേക്കുള്ള കുടിയേറ്റം തുടങ്ങിയത് മുതൽ തന്നെ തിരിച്ചുപോക്കും വിഷയീഭവിച്ചതാണ് പ്രവാസജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ നിന്ന് മുഴങ്ങുന്നത്. സ്വദേശിവത്കരണവും നിയമങ്ങളും സ്വദേശികൾക്ക് തൊഴിൽസംവരണവും നടപ്പാക്കാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകൾ പിന്നിട്ടു. സ്വദേശിവത്കരണത്തിന് പുതിയ മാനങ്ങളും വ്യവസ്ഥകളും ഓരോ ഘട്ടങ്ങളിലും അധികൃതർ നടപ്പാക്കിക്കൊണ്ടിരുന്നു.

ഇത് സംബന്ധിച്ച വാർത്തകൾ വായിക്കുന്ന ഓരോ തലമുറയും അടുത്ത തലമുറയോട് ഇനി ഇങ്ങോട്ട് വരേണ്ടെന്നും ഗൾഫ് രാജ്യങ്ങളുടെ പച്ചപ്പ് അവസാനിച്ചെന്നും ഞങ്ങൾ മടങ്ങുകയാണെന്നും അറിയിച്ചുകൊണ്ടിരുന്നു. ഇതൊക്കെയായിട്ടും മലയാള മണ്ണിൽ നിന്ന് ഗൾഫിലേക്കുള്ള പ്രയാണം അനുസ്യൂതം തുടർന്നുകൊണ്ടിരുന്നു. ഗൾഫ് രാജ്യങ്ങളാണെങ്കിൽ പുതിയ വിസകൾ അനുവദിച്ചുകൊണ്ടിരിക്കുന്നു. വിമാനക്കമ്പനികൾ കേരളത്തിൽ നിന്നുള്ള സർവീസുകൾ വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. പുതുതലമുറകൾ ഗൾഫിലേക്ക് കുടിയേറിക്കൊണ്ടിരിക്കുന്നു. പിറന്ന നാടും പിച്ച വെച്ച മണ്ണും നമ്മെ കൈവെടിയാതിരിക്കില്ല എന്നു കരുതാം നമുക്ക്

മിനിക്കഥ



അബു ഇരിങ്ങാട്ടിരി

രണ്ടു മിനിക്കഥകൾ

ലോക നീതി


മൂന്നു വിദ്യാർത്ഥികളുടെയിരുന്നു
സംഘത്തിൽ
വിനയ് തോമസ്, വിഷ്ണു വർധനൻ,
സൽമാൻ റാഷിദ്.
സ്മിൽറോഫ് രണ്ടെണ്ണം അകത്ത്
ചെന്നപ്പോൾ
ലഹരിയിൽ പൂത്ത ഒരു തമാശ:
റെയിൽവേ സ്റ്റേഷനിൽ വൻ സ്ഫോടക
ശേഖരം.
മൂന്ന് എസ്.എം.എസുകൾ
മൂന്നാമൻ അകത്ത്, രണ്ടുപേർ
പുറത്ത്.

ഫിഫ്റ്റി പ്ലസ്.

പതിനാലോ? ഇരുപതോ?
രണ്ടേ രണ്ടു ചോദ്യങ്ങൾ.
ഫാലുദ കഴിക്കുമ്പോൾ ചോദിച്ചു:
ആവശ്യക്കാരനാണെന്നുള്ള
എന്തടയാളമാണ്
നിങ്ങളെന്നിൽ കണ്ടത്?
പയ്യനൊന്ന് ചിരിച്ചു;
പിന്നെ മൊഴിഞ്ഞു:
ഫിഫ്റ്റി പ്ലസ്.

സയൻസ് അങ്കിൾ

അബ്ദുൽ മജീദ് പട്ടാമ്പി, റിയാദ്



സൈബർ ലോകത്ത് കുട്ടികൾക്ക് ശാസ്ത്രത്തെ പരിചയപ്പെടുത്തുന്ന മലയാളത്തിലുള്ള വെബ് പോർട്ടൽ ആണ് scienceuncle.com. പേര് സൂചിപ്പിക്കുന്നപോലെ കുട്ടികൾക്ക് കഥ പറഞ്ഞ് കൊടുക്കുന്ന ഒരു അങ്കിളിനെപ്പോലെ ശാസ്ത്രത്തെ അവതരിപ്പിക്കുകയാണിവിടെ. വിവിധ ശാസ്ത്ര വിഷയങ്ങളിലുള്ള ലേഖനങ്ങളുമായി ആരംഭിച്ച് സ്വീകാര്യത നേടിയ ബ്ലോഗ് (Scienceuncleblogspot.com) പിന്നീട് വെബ്സൈറ്റാക്കി പുരോഗമിച്ചു.

ഇപ്പോൾ വിവിധ തലത്തിലുള്ള ധാരാളം ശാസ്ത്ര ലേഖനങ്ങൾ വെബ്സൈറ്റിലുണ്ട്. ശാസ്ത്ര സൂത്രങ്ങൾ, കണക്കിലെ കളികൾ, കാന്തിക, ജീവശാസ്ത്രം, ജ്യോതിശാസ്ത്രം, രസതന്ത്രം, ശാസ്ത്ര പരീക്ഷണങ്ങൾ, കൗതുക വസ്തുതകൾ, ശാസ്ത്രകാരൻമാർ, ഹോബികൾ, പ്രകാശം, ശബ്ദം, ശാസ്ത്രത്തിലെ കളികൾ തുടങ്ങി വിവിധ വിഭാഗങ്ങളിലായി പഠനോദ്ദീപകവും രസകരവുമായ നിരവധി ലേഖനങ്ങൾ ഇതിന്റെ പ്രത്യേകതയാണ്.

പരീക്ഷണ നിരീക്ഷണത്തിലൂടെ നേടുന്ന അറിവുകൾ സ്ഥായിയാരിക്കും എന്നതാണ് വിദ്യാർത്ഥികൾക്ക് ശാസ്ത്രത്തിൽ താൽപര്യം ഉളവാക്കാൻ ഉതകുന്ന ലേഖനങ്ങൾ നൽകുന്നതിന്റെ ഉദ്ദേശ്യം.

ഒരു പാരച്യൂട്ട് എങ്ങിനെ നിർമ്മിക്കാം, പെന്റുലത്തിന്റെ കഥ, മഴമാപിനി ഉണ്ടാക്കാം, മാന്ത്രിക ചതുരത്തിന്റെ രഹസ്യം, നമുക്കൊരു കമ്പ്യൂട്ടർ പ്രോഗ്രാം എഴുതാം, ത്രികോണമിതി ഓർത്തു വെക്കാൻ, വലിയ സംഖ്യയുടെ വർഗം കാണാൻ, രഹസ്യ സന്ദേശം അയക്കാം, വടക്കുനോക്കിയന്ത്രം ഉണ്ടാക്കാം തുടങ്ങി ഇവിടെയുള്ള ലേഖനങ്ങൾ വളരെ കൗതുകകരമാണ്.

ചെയ്ത് പഠിക്കാം എന്നതാണ് പരീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന സയൻസ് അങ്കിളിന്റെ പ്രമേയം. ഇലക്ട്രോണിക്സ് സർക്യൂട്ട് പാഠങ്ങൾ തുടങ്ങിയുള്ള വിഷയങ്ങൾ തുടർലേഖനങ്ങളായി പ്രസിദ്ധീകരിക്കുന്നുണ്ട്. നിരവധി ലേഖകരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന വെബ്സൈറ്റിലേക്ക് scienceuncle@gmail.com എന്ന വിലാസത്തിൽ ലേഖനങ്ങൾ അയക്കാവുന്നതാണ്.

ചിത്രങ്ങളിലൂടെയും മികവാർന്ന വിവരങ്ങളിലൂടെയും മികവുറ്റവയാണ് ലേഖനങ്ങൾ. ഗൂഗിൾപോലെയുള്ള സെർച്ച് എഞ്ചിനുകളിൽ പ്രചുരപ്രചാരമുള്ള വെബ്സൈറ്റ് ആണിത്. എല്ലാ ശാസ്ത്ര വിഷയങ്ങളിലും മികവുറ്റ വിവരങ്ങൾ ഉൾക്കൊള്ളുന്ന സയൻസ് അങ്കിൾ, ഗൂഗിളിൽ മലയാളം സയൻസ് എന്ന് തിരഞ്ഞാൽ പ്രഥമസ്ഥാനത്താണുള്ളത്

കുട്ടികൾക്കുള്ളതാണെങ്കിലും എല്ലാ പ്രായക്കാർക്കും ആശ്രയിക്കാവുന്ന ഒരു സംരംഭമാണ്. സയൻസ് അങ്കിളിന്റെ Face book പേജിലൂടെ പുതിയ ലേഖനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകും. സങ്കീർണ്ണമായ ശാസ്ത്ര പാഠങ്ങളും ആശയങ്ങളും സരളമായി മനസ്സിലാക്കാൻ ഉദ്ദേശിക്കുന്നവർക്ക് ഒരു മികച്ച മാർഗ്ഗമാണീ വെബ് സൈറ്റ് എന്ന് നിസംശയം പറയാം. പ്രശസ്തി ആഗ്രഹിക്കാതെ സേവനം ലഭ്യമാക്കി പ്രയത്നിക്കുന്ന ഇതിന്റെ അണിയറ ശില്പിയുടെ സേവനങ്ങൾ എല്ലാവർക്കും മാതൃകയാണ്.



ശംസുദ്ധീൻ വലിയോറ

സാഹിത്യം പുത്തൻ പരിപ്രേക്ഷത്തിൽ

*(പ്രശസ്ത കോളമിസ്റ്റും വിദ്യാഭ്യാസ വിചക്ഷകനുമായ **ശ്രീ. മധുനായരു**മായി വചനം പ്രതിനിധി നടത്തിയ സംഭാഷണത്തിലെ പ്രസക്ത ഭാഗങ്ങൾ.)*

?മലയാളിയുടെ വായനാ സംസ്കാരത്തിൽ വന്ന പുതിയ മാറ്റങ്ങളെ നമുക്ക് എങ്ങനെ വിശദീകരിക്കാം?

വായനയിൽ പൂർണ്ണാർത്ഥത്തിൽ ഒരു മാറ്റം വന്നു എന്നു പറയാനാവില്ല. മികച്ച പുസ്തകങ്ങൾ ഇക്കാലത്തും വ്യാപകമായി വായിക്കപ്പെടുന്നുണ്ട്. ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാകാനുള്ള സാഹചര്യം കുറെക്കൂടി വിപുലമായപ്പോൾ അവയുടെ റീഡർഷിപ്പ് വർദ്ധിച്ചിട്ടുണ്ട്. മലയാള വായന അസ്തമിച്ചു എന്ന അർത്ഥത്തിലുള്ള ഒരു നിഗമനമായി ഇതിനെ കണ്ടുകൂടാ. യുവാക്കളും വിദ്യാർത്ഥികളും ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ വായനാ പരിസരത്തിൽ ഇംഗ്ലീഷ് എഴുത്തുകാർക്ക് കുറേകൂടി സംവേദന ക്ഷമത പ്രകടിപ്പിക്കാനാവുന്നുണ്ട് എന്ന് പറയുന്നത് നേരാണ്. ചേതൻ ഭഗത്തിനെപ്പോലെ അത്യന്താധുനിക സാഹചര്യത്തിലെ സങ്കീർണ്ണ ജീവിതത്തിന്റെ സൂക്ഷ്മതലങ്ങളെ അനാവരണം ചെയ്യാൻ സാധിക്കുന്ന എഴുത്തുകാർ മലയാളത്തിൽ ഉയർന്നുവന്നാൽ തീർച്ചയായും അവർക്ക് വായനക്കാരെ കണ്ടെത്താനാവും.

?ഇന്ത്യൻ എഴുത്തുകാർക്കിടയിൽ പൊതുവിലും മലയാളികൾക്കിടയിൽ സവിശേഷമായും ലോക പ്രശസ്ത കൃതികളുടെ എണ്ണം വളരെ കുറവായിരിക്കുന്നതിന്റെ കാരണം എന്താണ്?

നമ്മുടെ ഭാഷയുടെ പരിമിതിയെ നാം മറക്കാൻ പാടില്ല. ഈ പരിമിതിക്കുള്ളിൽ നിന്നും കരകയറിയ അപൂർവ്വം മഹാപ്രതിഭകളെ ലോകം തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രാദേശിക എഴുത്തുകാർ വ്യാപകമായിട്ടല്ലെങ്കിലും ആഗോള തലത്തിൽ വായിക്കപ്പെടുന്നുണ്ട്. ഭാഷാപരമായ പരിമിതികളെ ഒരു പരിധിവരെയെങ്കിലും മറികടക്കാൻ മികവാർന്ന പരിഭാഷാ യജ്ഞത്തിലൂടെ സാധിക്കും. ട്രാൻസ്ലേഷന് അപ്പുറം പൂർണ്ണാർത്ഥത്തിലുള്ള ട്രാൻസ്ക്രിയേഷൻ ആവശ്യമായി വരും. കേവലമായ ഭാഷാ പരിജ്ഞാനത്തിനുമപ്പുറം പരിഭാഷപ്പെടുത്തുന്ന ഭാഷയുടെ പ്രാദേശികമായ വകഭേദങ്ങളെക്കുറിച്ചും ഉൾപ്പിരിവുകളെകുറിച്ചും കൃത്യമായ അവഗാഹം ഉള്ളവർക്ക് മാത്രമേ സമഗ്രമായ ട്രാൻസ്ക്രിയേഷൻ നടത്താനാവൂ. ഗബ്രിയേൽ ഗർഷോ മാർക്കേസിന്റെ "ഏകാന്തതയുടെ 100 വർഷങ്ങൾ" എന്ന പുസ്തകം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത് പോലെ വളരെ കാമ്പുള്ള രീതിയിൽ ട്രാൻസ്ക്രിയേഷൻ സൃഷ്ടിക്കാനാവുക എന്നതാണ് പ്രാദേശിക പുസ്തകം നേരിടുന്ന കാതലായ ഒരു പ്രതിസന്ധി.

? സാങ്കേതിക വിദ്യയുടെ അത്യപൂർവ്വമായ വളർച്ച എങ്ങനെ വായനയേയും എഴുത്തിനേയും സ്വാധീനിക്കുന്നു?

കമ്പ്യൂട്ടറിന്റെയും മറ്റു സാങ്കേതിക വളർച്ചയുടെയും ഫലമായി എഴുത്തിലെയും

പ്രസിദ്ധീകരണത്തിലെയും സങ്കീർണതകൾ ഒരു പരിധി വരെ കുറക്കാനായി എന്നത് നേരാണ്. എഴുത്തുകാരന് തന്നെ പ്രസാധകനും എഡിറ്ററും എല്ലാം ആകാനാകും തന്റെ സൃഷ്ടി സ്വയം വെളിച്ചത്ത് കൊണ്ടു വരാനും സാധിക്കുന്നുണ്ട്. എങ്കിലും കമ്പ്യൂട്ടറിന്റെ വളർച്ച പ്രതീക്ഷിക്കപ്പെട്ട രീതിയിലേക്ക് ഉയർന്നിട്ടില്ല എന്നത് മറച്ചുവെയ്ക്കേണ്ടതില്ല. ഒരു പ്രസിദ്ധീകരണം സ്വന്തമായി മറ്റൊരു ഭാഷയിലേക്ക് പരിഭാഷപ്പെടുത്താൻ പോലും നമ്മുടെ സംവിധാനങ്ങൾക്ക് ഇനിയും ഒരുപാട് സഞ്ചരിക്കേണ്ടതുണ്ട്. സാങ്കേതിക വിദ്യയെക്കുറിച്ച് പറഞ്ഞു ഭീതിപ്പെടുത്തുകയും അവ മുഴുവൻ വായനാ സംസ്കാരത്തേയും വിഴുങ്ങുവാൻ ഒരുങ്ങുകയാണ് എന്ന തരത്തിലുള്ള ആശങ്കകൾ അസ്ഥാനത്താണ്.

?ദളിത്, ആദിവാസി മറ്റു പിന്നോക്ക വിഭാഗങ്ങൾക്കിടയിൽ നിന്ന് വളരെ കാമ്പുള്ള സൃഷ്ടികളും പുസ്തകങ്ങളും കുറവായി വരുന്നതിന്റെ കാരണമെന്താണ്?

ഇക്കൂട്ടത്തിൽപെട്ട പലതും അതിജീവനത്തിനായുള്ള പോരാട്ടത്തിലാണ്. ഒറിയൻ, ബംഗാളി ഭാഷകളിൽ നിന്ന് വളരെ ശക്തമായ കൃതികൾ ലോക സാഹിത്യങ്ങളുടെ ഇടയിൽ ഇടം പിടിച്ചിട്ടുണ്ട്. ഭാഷാപരമായ പരിമിതികൾ ഇക്കാര്യത്തിലും ഉണ്ട് എന്ന് സമ്മതിക്കേണ്ടി വരും.

?ദീർഘകാലം അമേരിക്കയിൽ താമസിക്കുകയും അമേരിക്കൻ പൗരത്വം പിന്നീട് ഉപേക്ഷിക്കുകയും ചെയ്ത ഒരു വ്യക്തി എന്ന നിലയിൽ അമേരിക്കയിലേയും ഇന്ത്യയിലേയും സാമൂഹിക സാഹചര്യങ്ങളെ എങ്ങനെ വിലയിരുത്തുന്നു?

കുട്ടികൾക്കിടയിൽ വളർന്നുവരുന്ന അരക്ഷിതത്വ ബോധം ചെറുതല്ലാത്ത ആശങ്കകൾ സൃഷ്ടിക്കുന്നുണ്ട്. സാമൂഹിക സുരക്ഷിതത്വം കൈവിട്ടുപോകുന്നതിനെക്കുറിച്ച് അമേരിക്കയിൽ പുതിയ ചർച്ചകൾ നടക്കുന്നുണ്ട്. ചില ഗുണവശങ്ങൾ നമുക്ക് മാതൃകയാക്കാനാവും. വിദ്യാഭ്യാസ രംഗത്ത് താൽപര്യമുള്ളത് മാത്രം കുട്ടികളെക്കൊണ്ട് പഠിപ്പിക്കുക എന്നത് വളരെ പോസിറ്റീവ് ആയ നടപടിയാണ്. ഇക്കാര്യത്തിൽ നമ്മുടെ നിലപാടുകൾ കുറെക്കൂടി പുന:പരിശോധിക്കേണ്ടതുണ്ട്.

?മാറിയ സാഹചര്യത്തിൽ നിലനിൽപിനായുള്ള പോരാട്ടത്തിലാണ് പ്രവാസികളിൽ അധികപേരും. വിദ്യാഭ്യാസ, സാംസ്കാരിക, സാഹിത്യ മണ്ഡലങ്ങളിലെ പ്രവാസികളുടെ ഇടപെടലിനെ എങ്ങിനെ നോക്കിക്കാണുന്നു?

ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽ ജീവിക്കുന്ന മലയാളികളടക്കമുള്ള പ്രവാസികൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ പ്രശ്നങ്ങളെ അഭിമുഖീകരിച്ച് കൊണ്ടിരിക്കുകയാണ്. ഡൽഹിയിലെ മലയാളിയും സൗദിയിലെ മലയാളിയും വ്യത്യസ്ഥ തരത്തിലാണെങ്കിലും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾക്കിടയിലും തങ്ങളിലെ സാഹിത്യ അഭിരുചിയെ തിരിച്ചറിയുകയും അവ എഴുത്തിലൂടെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന ന്യൂനപക്ഷത്തെ നാം അഭിനന്ദിക്കേണ്ടതുണ്ട്. പുതിയ കാലത്തിന്റെ വെല്ലുവിളികൾ മനസ്സിലാക്കുകയും അവയ്ക്ക് കാലോചിതമായ മറുപടികൾ നൽകാൻ കരുത്ത് പകരുകയും ചെയ്ത് പ്രവാസികളെ ജീവിത യാത്രയിൽ പിന്തുണയ്ക്കുകയാണ് ബാക്കിയുള്ളവർക്ക് ചെയ്യാനുള്ള ധർമ്മം. വിദ്യാഭ്യാസ, സാംസ്കാരിക, സാഹിത്യ മണ്ഡലങ്ങളിലെ സേവനങ്ങൾ നമ്മെ ഔന്നത്യത്തിലേക്ക് നയിക്കാതിരിക്കില്ല.

കേവലമായ ട്രാൻസ്ലേഷന് അപ്പുറം പൂർണ്ണാർത്ഥത്തിലുള്ള ട്രാൻസ്ക്രിയേഷൻ ആവശ്യമായി വരും. ഭാഷാ പരിജ്ഞാനത്തിനുമപ്പുറം പരിഭാഷപ്പെടുത്തുന്ന ഭാഷയുടെ പ്രാദേശികമായ വകഭേദങ്ങളെക്കുറിച്ചും സമഗ്രമായ അവഗാഹം ഉള്ളവർക്ക് മാത്രമേ സമഗ്രമായ ട്രാൻസ്ക്രിയേഷൻ നടത്താനാവൂ. ഗബ്രിയേൽ ഗർഷോ മാർക്കേസിന്റെ "ഏകാന്തതയുടെ 100 വർഷങ്ങൾ" എന്ന പുസ്തകം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത് പോലെ വളരെ കാമ്പുള്ള രീതിയിൽ ട്രാൻസ്ക്രിയേഷൻ സൃഷ്ടിക്കാനാവുക എന്നതാണ് പ്രാദേശിക പുസ്തകം നേരിടുന്ന കാതലായ ഒരു പ്രതിസന്ധി.



കാലം കരുണ തേടി

റുഷ്ന സാബിത്ത്, അഴീക്കൽ കരിക്കീറിൽ

കാലം വിധിച്ചു പല കോലങ്ങൾ കാണാൻ
കണ്ടു അതിൽ പലതും,
നിരാശയുടെ മുഖവും സന്തോഷത്തിന്റെ പുഞ്ചിരിയും
കാപട്യത്തിന്റെ ഹൃദയവും.
മനസ്സ് തുറന്നൊന്നു ചിരിക്കുമോ?
എന്റെ പ്രിയതമേ!
നിന്റെ മുഖത്തിന്റെ പ്രകാശം ഞാനൊന്നു കാണട്ടെ.
മനസ്സിനെ വിശാലമാക്കൂ. ജീവിതത്തിൽ മുന്നേറാൻ
പലതും കണ്ടില്ലെന്നു നാം നടിക്കണം.
ജീവിതം അതാണെന്റെ പൊന്നേ.
ആർത്തുല്ലച്ചുവരുന്ന തിരമാലകളെ നോക്കി–
പുഞ്ചിരിച്ചാലേ പരിഭവം ഇല്ലാതാകൂ.
കാരുണ്യമെന്നുള്ളത് കരുണയുള്ളവരുടെ
മനസ്സിലെ വരൂ.
കാരുണ്യം കാണാൻ ഞാൻ മോഹിക്കുന്നു.
കാരുണ്യം കാണിക്കുന്നവനോട്
ദൈവം കരുണ കാണിക്കും.
തീർന്നില്ല ഈ കോലങ്ങളുടെ കുത്തൊഴുക്ക്





ഹക്കീം കമ്പർ

നിത്യപ്രണയത്തിന്റെ ഓർമ്മ മുറ്റത്ത്

സ്വിറ്റ്സർലന്റിലെ ലൂഗാൻ എന്ന കൊച്ചു പട്ടണത്തിൽ നിന്നും ഇറ്റലിയിലെ വെറോണയിലേക്കെത്താൻ റോഡ് മാർഗ്ഗം തന്നെയാണ് നല്ലത്. കാർ കുന്നുകൾ കയറുമ്പോൾ താഴെ പരന്ന് കിടക്കുന്ന തടാകം പതിവിലും കൂടുതൽ സുന്ദരി ആയിരിക്കുന്നു. ഫാക്ടറി സ്റ്റോറുകൾ മാത്രമുള്ള ഫോക്സ് ടൗണിൽ നിന്നും കൂട്ടുകാർക്കുള്ള സമ്മാനങ്ങൾ വാങ്ങി ഞാൻ ഒരു ടാക്സിക്കായ് കാത്തു നിന്നു.

ഒരു ചെറുപ്പക്കാരൻ ടാക്സിയുമായി എത്തി. യുവാവായ ആൺഡ്രൂ സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയാണ്. ടാക്സി ഡ്രൈവർ എന്നത് അവന്റെ 'പാർട്ട് ടൈം' ആണ്. വെറോണ എന്ന ഇറ്റലിയിലെ പട്ടണം മൊത്തം കാണിക്കാനുള്ള ചാർജ് പറഞ്ഞുറപ്പിച്ചു. ഞാനൊരു കേരളക്കാരനാണെന്ന് കേട്ടപ്പോൾ ഞങ്ങളുടെ രണ്ട് സഹോദരങ്ങൾ നിങ്ങളുടെ ജയിലിൽ ഉണ്ടല്ലോ എന്നതായിരുന്നു അവന്റെ ചോദ്യം. അതെ, അവർ രണ്ട് മുക്കുവരെ വെടിവച്ചു കൊന്നു എന്നതാണ് കേസ് എന്നും കോടതി വിധിക്കായ് കാത്തിരിക്കുന്നു എന്നും ഞാൻ പറഞ്ഞു. അവർ കൊന്നത് രണ്ട് കടൽകൊള്ളക്കാരെയാണെന്നാണ് ഇറ്റാലിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. ഞാനും വിട്ടുകൊടുത്തില്ല. ഇതിനു നേരെ വിപരീതമാണ് ഇന്ത്യൻ മാധ്യമങ്ങൾ പറയുന്നത്. ഇരുട്ടിൽ നടന്ന ആ സംഭവത്തിന്റെ നിജസ്ഥിതി ദൈവത്തിനും മരിച്ചവർക്കും ജയിലിൽ കിടക്കുന്നവർക്കും മാത്രമേ അറിയൂ. ദൈവം രക്ഷിക്കട്ടെ. അവൻ കുരിശുവരച്ചു. ആൻഡ്രൂ എടുത്തിട്ട വിഷയത്തിന്

ഒരു നയതന്ത്രത്തിൽ അവൻ തന്നെ വിരാമമിട്ടു.

കല്ലുകൊണ്ടും മാർബിൾകൊണ്ടും പാകിയ സ്ട്രീറ്റിൽ മഴപെയ്തിട്ടും ചെളിയില്ല!. നല്ല വിശപ്പ്. പെയ്ത് പോയ മഴ ബാക്കി വെച്ച കുളിരും. റോമൻ അറേനക്കു എതിർവശം നിറയെ റസ്റ്റോറന്റുകളാണ്. നാടകങ്ങൾ അരങ്ങേറുന്ന ദിവസങ്ങളിൽ അറേനയും ചുറ്റുപാടുള്ള റസ്റ്റോറന്റുകളിലും ജനം തിങ്ങി നിറയും. കല രക്തത്തിൽ അലിഞ്ഞ് ചേർന്നവരാണ് ഇറ്റലിക്കാർ.

വെറോണ പല രാജ്യങ്ങളുടെ കയ്യിലൂടെ കടന്ന് പോയപ്പോൾ ധാരാളം ഭക്ഷണ വൈവിധ്യങ്ങളും അവൾക്ക് ലഭിച്ചു. ഇറ്റലിയിൽ മറ്റൊരിടത്തും ലഭിക്കാത്ത അത്രയും വ്യത്യസ്തമായ ഭക്ഷണങ്ങൾ ഇവിടെ കിട്ടും. പ്രധാന മെനു കുതിരയിറച്ചിയാണ്. പിസ്സയും പാസ്തയും സലാഡും. കുടിക്കാനായ് വടക്കേ ഇറ്റലിയിലെ ഗ്രാമത്തിലെ നെല്ലിക്കയിൽ നിന്നുള്ള ജ്യൂസും. തൊട്ടപ്പുറത്തെ ടേബിളിൽ ഒരു കൂട്ടം റഷ്യൻ ടൂറിസ്റ്റുകൾ ചൊമന്ന വീഞ്ഞിന്റെ ലഹരിയിൽ ആർത്ത് ചിരിക്കുന്നു. ഞങ്ങൾ വെറോണയുടെ മറ്റൊരു ഭാഗത്തേക്ക്.

“എന്റെ സ്നേഹ സമ്പത്ത്
സാഗരത്തോളം അളവറ്റത്
എന്റെ പ്രണയം അതിലേറെ അഴകുള്ളത്
നിനക്ക് നൽകുന്നതിലിരട്ടിയായ് നിറയുന്നുവതെന്നിൽ
കാരണം സ്നേഹവും പ്രണയവും
അനാധിയാണല്ലോ”
(റോമിയോ ജൂലിയറ്റ്)

ചാറ്റൽ മഴയും കുളിരുള്ള കാറ്റും അസിജ നദിയുടെ കളകളാ സംഗീതവും ഒന്നിച്ചപ്പോൾ അനുരാഗ വരികൾക്ക് അഗ്നിച്ചിറക് മുളച്ചു തുടങ്ങി. കല്ല് പാകിയ ജൂലിയറ്റിന്റെ മുറ്റത്തെത്തുമ്പോൾ മനം കല്ലല്ലാത്ത ഏതൊരാളും റോമിയോയുടെ വരികൾ അറിയാതെ പാടിപ്പറഞ്ഞു പോകും.

മോയിൻകുട്ടി വൈദ്യരുടെ ബദറുൽ മുനീറും ഹുസുനുൽ ജമാലും കുഞ്ഞു നാളിൽ കേട്ടിരുന്നു. സൗദി അറേബ്യൻ തലസ്ഥാനമായ റിയാദിൽ നിന്നും മുന്നൂറ് കിലോമീറ്റർ അകലെയുള്ള ലൈലാ അഫ്ലാജിലും പോയി കണ്ടു. ആയിരത്തൊന്നു രാവുകളിലെ ഖൈസിന്റെ ലൈലയുടെ നാട്. പ്രേമ കാവ്യങ്ങളുമായി ബന്ധപ്പെടുത്തി ഇന്ന് അറിയപ്പെടുന്ന സ്ഥലങ്ങൾ എത്രത്തോളം യാഥാർത്ഥ്യമുണ്ടെന്ന് ആർക്കും അറിയില്ല. മിത്തും യാഥാർത്ഥ്യവും ഒരു അമാൽഗമായി കിടക്കുന്നവ യുക്തികൊണ്ട് വേർതി



രിച്ചെടുക്കാൻ സാധിക്കില്ല.

വയകാപ്പല്ലേയിലെ 23-ാം നമ്പർ. അതാണ് ജൂലിയറ്റിന്റെ ഭവനം. വീടിന്റെ വലിയ ഗേറ്റിൽ പല നിറത്തിൽ പല പേരുകൾ ചേർത്ത് എഴുതിവച്ചിരിക്കുന്നു. തേനിനേക്കാൾ മധുരവും നരകാഗ്നിയേക്കാൾ ചൂടുള്ളതുമായ പ്രണയം അനുഭവിച്ചറിഞ്ഞവർ എഴുതിയതാണവയെല്ലാം.

അനശ്വര പ്രണയത്തിന്റെ അവശേഷിപ്പുകൾ കാണാൻ വന്നവരുടെ തിരക്കാണ് എപ്പോഴും. ഇവിടെ എത്തുന്നവർ തന്റെയും പ്രണയപാതിയുടെയും പേരുകൾ നിറമുള്ള പേനകൊണ്ട് കടലാസ്സിൽ എഴുതി ചുമരിൽ ഒട്ടിച്ച് പോകുന്നു. അല്ലെങ്കിൽ ജൂലിയറ്റിന് വേണ്ടി ഒരു സന്ദേശമെഴുതും.... ഒരു മന്ദമാരുതൻ പൈതലിനെ എടുക്കുന്ന ശ്രദ്ധയോടെ അവയെ വാരിയെടുത്ത് വെറോണയിലെ ഏതെങ്കിലും സ്ഥലത്ത് കൊണ്ടെത്തിക്കും.

ഇരു കുടുംബങ്ങളും എതിർത്ത പ്രണയം. എങ്കിലും പതിനാല് വയസ്സുള്ള ജൂലിയറ്റും റോമിയോയും രഹസ്യമായി വിവാഹിതരാവുന്നു. രാവിന്റെ അവസാന യാമത്തിൽ നക്ഷത്രക്കണ്ണുള്ള ജൂലിയറ്റിനെ കാണാൻ അവനെത്തും. പടർന്ന മരത്തിലൂടെ കയറി ബാൽക്കണിയിൽ കയറുകെട്ടി തൂങ്ങിക്കയറും. കയറിന്റെ പരുപരുപ്പ് ഉള്ളംകയ്യിൽ ഉണ്ടാക്കുന്ന വേദന പ്രേയസിയുടെ പുഞ്ചിരിയിൽ അലിഞ്ഞില്ലാതാവും.

ഏറെ നേരം പ്രിയതമയുമായി സല്ലപിച്ച് കരൾ പകുത്ത് അവർ ഗാഢ ചുംബനം നൽകി വിടപറയുമ്പോൾ അടുത്ത രാവ് എത്രയും പെട്ടെന്ന് വന്നണഞ്ഞെങ്കിൽ എന്നാഗ്രഹിക്കും. പ്രണയമതത്തിന് വേണ്ടി ജീവൻ നൽകിയവർ ഇന്നും ഒളി മങ്ങാത്ത ഓർമ്മകളിൽ ജീവിക്കുന്നു. ജൂലിയറ്റിന്റെ വലിയ മുറിയുടെ വള്ളികൾ പടർന്ന് കയറിയ ബാൽക്കണിയിൽ നിൽക്കുമ്പോൾ അറിയാതെ ഞാൻ ഒരു റോമിയോ ആയോ.....! ഒരു പ്രത്യേക അനുഭവം.

വലത് കൈകൊണ്ട് ചേലാങ്കുരവും ഇടത് കൈ നെഞ്ചോട് ചേർത്ത് ഇളം നാണത്തിൽ കലർന്ന മന്ദഹാസത്തിൽ, കടഞ്ഞെടുത്തമാതിരി ഉടലുള്ള ജൂലിയറ്റിന്റെ പ്രതിമയുണ്ട് അവിടെ. സുന്ദരിയാണവൾ. റോണിയോ അല്ല ഏതൊരു പുരുഷനും ഒന്ന് കണ്ടാൽ മോഹിച്ച് പോകും തീർച്ച. ലാവണ്യമുള്ള പ്രതിമയുടെ കൂടെ നിന്ന് ഫോട്ടോ എടുക്കുന്നവരും, അതിന് മുമ്പിൽ നിമിഷങ്ങളോളം ചുംബനത്തിൽ അലിഞ്ഞ് ഈ ലോകം തന്നെ മറന്ന് നിൽക്കുന്നവരെയും കാണാം.

ജൂലിയറ്റ് റോമിയോയെ കാത്ത് നിന്ന ബാൽക്കണിയുടെ ഒരു ഭാഗം കടുംപച്ച നിറത്തിലുള്ള വള്ളിച്ചെടി പൂത്ത് സുഗന്ധം പരത്തുന്നു അവിടെയാകെ.... പാറാവുകാരൻ വലിയ ഗേറ്റ് വലിച്ചടക്കുമ്പോൾ സമയം ഏറെക്കുറെ ആയിട്ടുണ്ടാവും. നാടും നഗരവും വിജനം. ജൂലിയറ്റ് തുടിക്കുന്ന ഹൃദയത്തോടെ ഈ കുളിരത്ത് കാത്ത് നിൽക്കുന്നു. ചേലയുടെ ഒരറ്റം പിടിച്ച്. ആ പ്രതിമക്ക് ആരും ഇല്ലാത്ത നേരത്ത് ജീവൻ വച്ചാലോ? ഞാൻ ഒന്ന് കൂടി തിരിഞ്ഞുനോക്കി. പിന്നെ അടുത്ത ലക്ഷ്യത്തിലേക്ക് നടന്നു.... തെല്ല് സങ്കടത്തോടെ....

റോമിയോ ജൂലിയറ്റിലെ അവസാന വരികൾ മനസ്സിൽ ഓടിയെത്തുന്നു.

‘For never was a story of more woe
than this of Juliet and Rome’

ABC

No.1 in KSA

ABC CARGO

DOOR TO DOOR SERVICE IN ALL OVER INDIA

Good Packing - Speed Delivery - 100 % Safety

Direct Delivery by ABC in all India


Our Service Available in Nesto Hyper Market - 0543 412574

H.O. RIYADH: Tel.: 01 4044255 - 4036942 - 4081252, 4121335, Fax : 01 4122893 - Mob.: 0502480916 - 0551037981
JEDDAH: Tel.: 02 6306311 - 6306610, 2893542, 6477664 - Mob.: 0536200048 - 0558402400
DAMMAM: Tel.: 03 8327407 - 8310772 - 8283003 - Fax: 03 8338326 - Mob.: 0556469499 - 0536750913 - 0538876215
AL-KHOBAR: Near LuLu Hyper Market - Tel.: 03 8647273 - Fax : 03 8338326 - Mob.: 0552978889 - 0533394002
JUBAIL: King Abdul Aziz Street - Street No. 12 - Tel: 03 3626870 Fax : 03 8338326 - Mob.: 0553028889 - 0506925888
AL HASA: Mahboob Building - King Street - Near Hofuf Taxi Stand - Tel.: 03-5844711 - Mob.: 0537329920 - 0537329925
MAKKAH: Sitheen Street - Near Bridge - Tel.: 02-5472169 - Fax: 02- 2893542 - Mob.: 0568977786 - 0530022487
BURAIDAH: Vahida Street - Near Kerala Market & STC - Tel.: 06-3258946 - Mob.: 0548281372 - 0592630241

India : 0091 483 2858484 - 2858188 - E-mail: sales@abccargogcc.com

Track your cargo on our website: www.abccargogcc.com

പുസ്തക പരിചയം



ഗ്രേസ് എജ്യുക്കേഷൻ അസോസിയിയേഷന്റെ 'നേതൃസ്മൃതി' പരമ്പരയിലെ ഏഴാമത്തെ പുസ്തകമാണ് എ.കെ. അബ്ദുൽ മജീദ് രചിച്ച "വക്കം അബ്ദുൽഖാദർ" എന്ന പുസ്തകം. വക്കം അബ്ദുൽ ഖാദറിന്റെ ജന്മശതാബ്ദി വർഷത്തിൽ തന്നെ ഈ കൃതി പുറത്തിറക്കാനായതിൽ പ്രസാധകർക്ക് അഭിമാനിക്കാം. വക്കം അബ്ദുൽ ഖാദർ മൗലവി എന്ന പ്രശസ്തനായ പിതാവിന്റെ പുത്രൻ എന്ന നിലയിലല്ലാതെ തന്നെ തന്റെ അസാമാന്യമായ പ്രതിഭാവിലാസം കൊണ്ട് മലയാള സംസ്കൃതിയെ ധന്യമാക്കിയ വ്യക്തിത്വമാണ് വക്കം അബ്ദുൽ ഖാദർ. അദ്ദേഹത്തിന്റെ വൈജ്ഞാനിക രംഗത്തെ വൈശിഷ്ടമായ സേവനത്തെയും സാഹിത്യ മേഖലയിലെ അദ്വിതീയമായ കാഴ്ചപ്പാടുകളെക്കുറിച്ചും പുസ്തകം വിശദീകരിക്കുന്നുണ്ട്. ആഴത്തിലുള്ള പഠനങ്ങൾ ഉൾക്കൊള്ളുന്ന വക്കം അബ്ദുൽഖാദറിന്റെ പുസ്തകങ്ങളെക്കുറിച്ചും ഈ കൃതിയിൽ സംക്ഷിപ്തമായിട്ടെങ്കിലും വിശദീകരിക്കുന്നു.

കമ്മ്യൂണിസത്തെക്കുറിച്ചും പരിണാമ സിദ്ധാന്തത്തെക്കുറിച്ചും ഫ്രോയിഡിന്റെ അപഗ്രഥന മനശാസ്ത്രത്തെക്കുറിച്ചുമുള്ള വക്കം അബ്ദുൽഖാദറിന്റെ പണ്ഡിതോചിതമായ വിശകലനങ്ങൾ പുതു തലമുറക്ക് പരിചയപ്പെടുത്തേണ്ടതുണ്ട്. അക്കാലത്തെ സാഹിത്യ രംഗത്തെ കുലപതികളുമായി അദ്ദേഹത്തിനുണ്ടായിരുന്ന സൗഹൃദത്തെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നുണ്ട്. പക്ഷേ അദ്ദേഹത്തെ തിരിച്ചറിയുന്നതിലും അംഗീകരിക്കുന്നതിലും കൈരളിക്ക് സംഭവിച്ച പാളിച്ചകൾ തിരുത്താനുള്ള ഒരു ശ്രമമായി ഈ സംരംഭത്തെ കാണണം. പലരും നിരുത്തിയേടത്ത് നിന്ന് തുടങ്ങുന്നതിന് പകരം നൂതനമായ ഒരു സംരംഭം എന്ന നിലയിൽ ഗ്രന്ഥകർത്താവും പ്രസാധകരും അഭിനന്ദനം അർഹിക്കുന്നു.

പ്രവർത്തകർ രാഷ്ട്രീയ പ്രവർത്തനത്തെ ഗൗരവമായി കാണണം: പൊളിറ്റിക്കൽ സ്കൂൾ



കെ.എം.സി.സി. പ്രവർത്തകർ രാഷ്ട്രീയ പ്രവർത്തനത്തെ ഗൗരവമായി കാണണമെന്നും, ആദർശ പ്രതിബദ്ധതയും, ആശയ സ്ഫുടതയും ഇല്ലാത്തതാണ് രാഷ്ട്രീയ പ്രവർത്തകർ ഇന്ന് നേരിടുന്ന വെല്ലുവിളിയെന്നും കെ.എം.സി.സി. സൗദി നാഷണൽ കമ്മിറ്റി ഓർഗനൈസിംഗ് സെക്രട്ടറി എ.പി. ഇബ്രാഹീം മുഹമ്മദ് പറഞ്ഞു. കെ.എം.സി.സി. മലപ്പുറം ജില്ലാ കമ്മിറ്റി റിയാദിൽ സംഘടിപ്പിച്ച 'പൊളിറ്റിക്കൽ സ്കൂളിൽ' മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ എക്കാലത്തെയും താങ്ങും തണലുമായ കെ.എം.സി.സി. പ്രവർത്തകർ തങ്ങളുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കാതലായ മാറ്റം വരുത്തണമെന്നും, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ള തങ്ങളുടെ സഹോദരങ്ങളുടെ പ്രശ്ന പരിഹാരത്തിന് കൂടി ശ്രദ്ധിക്കണമെന്നും, അദ്ദേഹം പറഞ്ഞു.

സഹജീവികളെ സഹായിക്കുന്നതോടൊപ്പം തന്നെ പ്രവാസികൾ തങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കണമെന്നും പുതു തലമുറയെ ഗവ. ജോലികൾക്കും മറ്റ് സാങ്കേതിക വിദ്യകളിൽ പരിജ്ഞാനമുള്ളവരാക്കുന്നതിനും പി.എസ്.സി. കോച്ചിംഗ് സെന്ററുകൾ എല്ലാ പ്രദേശങ്ങളിലും സ്ഥാപിച്ച് അതിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും ശ്രദ്ധിക്കണമെന്ന് ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

യോഗത്തിൽ ജില്ലാ പ്രസിഡന്റ് അബ്ദുസ്സമദ് കൊടിഞ്ഞി അധ്യക്ഷത വഹിച്ചു. കെ.എം.സി.സി. നാഷണൽ കമ്മിറ്റി നേതാവ് കെ.കെ. കോയാമു ഹാജി യോഗം ഉദ്ഘാടനം ചെയ്തു. അഷ്റഫ് തങ്ങൾ ചെട്ടിപ്പടി, ഷാജി ആലപ്പുഴ, ബ്രില്ല്യന്റ് സ്കൂൾ മാനേജിംഗ് ഡയരക്ടർ അലവിക്കുട്ടി ഒളവട്ടൂർ ആശംസകൾ നേർന്നു.ശുഹൈബ് പനങ്ങാങ്ങര സ്വാഗതവും അലി ഹസ്സൻ മൈത്ര നന്ദിയും പറഞ്ഞു.

വീട്ടിലേക്കുള്ള യാത്ര കൊതിച്ച ഡി. വിനയചന്ദ്രൻ

കാവ്യ സൗന്ദര്യത്തിന്റെ സൗരഭ്യം കൊണ്ടും ആസ്വാദന ഭാഷയുടെ സ്വന്തമായ നിർമ്മിതി കൊണ്ടും സമൂഹാവസ്ഥയുടെ ആകുലതകൾ കവിതയിലൂടെ പ്രതിഫലിപ്പിച്ച ഡി. വിനയചന്ദ്രൻ ഓർമ്മയായി. ആധുനിക പ്രസ്ഥാനത്തിന്റെ പിറവിയിൽ കരുത്തുറ്റ സാന്നിദ്ധ്യമറിയിച്ച അദ്ദേഹത്തിന്റെ കവിതകൾ പ്രകൃതിയുമായുള്ള സംവേദനത്തിന്റെ പുത്തൻ ഓർമ്മപ്പെടുത്തലുകൾ ആയിരുന്നു. പരമ്പരാഗത സങ്കൽപത്തോടുള്ള കലഹം മനസ്സിൽ മാത്രമല്ല എഴുത്തിലും സൂക്ഷിക്കാനായി അദ്ദേഹത്തിന്.

യാത്രകളുടെ അറ്റമില്ലാത്ത സാധ്യതകൾ അന്വേഷിക്കുമ്പോഴും അടിസ്ഥാനപരമായ സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു സ്വന്തം അടിവേരിലും വീട്ടിലുമാണെന്ന തിരിച്ചറിവ് അദ്ദേഹത്തിന്റെ കവിതകളിൽ മുഴങ്ങുന്നുണ്ട്. നാട്ടറിവുകളുടെ തുളുമ്പലും ഗൃഹാതുരതയുടെ സമ്പന്നതയും തന്നെയായിരുന്നു അദ്ദേഹത്തിന്റെ ആധുനികതയും ഉത്തരാധുനികതയും. കലണ്ടറിൽ ചൂട്ടുകത്തിച്ചു കിടക്കുന്ന അവധികളുടെ ആരവം പ്രവാസത്തിന്റെ നേർചിത്രമായി തോന്നാറുണ്ട്. പ്രവാസത്തിന്റെ സ്വകാര്യ സ്വപ്നമായി നിലനിൽക്കുന്ന വീട്ടിലേക്കുള്ള തിരിച്ചുപോക്ക് എന്ന സങ്കൽപത്തിന്റെ ഓർമ്മയാവുകയാണ് ഡിയുടെ ഈ പേരിലുള്ള കവിത. ഭാഷാപരമായ ദുർഗ്രഹത ഒട്ടുമില്ലാതെ പുത്തൻ പരീക്ഷണങ്ങളിലൂടെ മലയാള കവിതക്ക് പുതിയ മേൽവിലാസം ഉണ്ടാക്കാൻ പരിശ്രമിച്ച ഡി. വിനയചന്ദ്രന്റെ വിയോഗത്തിൽ സാഹിത്യ കേരളത്തിനുണ്ടായ ദു:ഖത്തിൽ ഞങ്ങളും പങ്കുചേരുന്നു.





ജിസ്മിന കരീം

നിദ്രയിലേയ്ക്കാളും മുൻപേ...

ഹേ മനുഷ്യാ..
നിന്നിലെ ശ്വാസം നിലയ്ക്കുന്ന നേരം
നീ വെറും മാംസ പിണ്ഡം
നീ നിൻ..
നിരന്തരമാം നിദ്രയിലേക്കാളും മുൻപേ
ചെയ്തീടുക നന്മകൾ വേണ്ടുവോളം.
സോദരാ...
മരണമെന്നൊരു സത്യമുണ്ട്
ജീവിതമെന്നതോ. വെറുമൊരു നാടകം
ഓരോരോ വേഷങ്ങൾ,
തിരശീലയ്ക്കു മുന്നിൽ ആടിത്തിമർക്കുന്നു.
പിന്നിലോ സത്യത്തിൻ മുഖം വിരൂപം.
ഈ ഭൂമി..
നരകമാക്കി മാറ്റുന്നതും നീ,
സ്വർഗ്ഗമാക്കി തീർക്കുന്നതും നീ തന്നെ
മർത്യാ..
നിന്നുടെ ചിന്തകളും, വാക്കുകളും,
പ്രവർത്തികളും സൂക്ഷിച്ചീടുക നീ,
നീ നിൻ
അവസാനയാത്രയ്ക്കൊരുങ്ങുമ്പോൾ,
നിന്റെ നയനങ്ങൾ നിത്യമായ് അടയുമ്പോൾ
കൂട്ടിനു അരുനില്ലുമെയില്ല
ഞാനില്ലാരുമില്ല നിനക്ക്
നിനക്ക് കൂട്ടിനായ്
നീ ചെയ്തീടും നന്മകൾ മാത്രം
ചിന്തിക്കുക നീ തിന്മകൾക്കെതിരെ
ചെയ്തീടുക നന്മകൾ മരണം വരെ,



മലയാളത്തിന് മലപ്പുറത്തിന്റെ സംഭാവന തുല്യതയില്ലാത്തത് : എ.പി. അഹമ്മദ്





മലയാള ഭാഷയ്ക്ക് മലപ്പുറത്തിന്റെ സംഭാവന നിസ്തുലമാണെന്നും അത് ഗൗരവമായി തന്നെ ചർച്ച ചെയ്യപ്പെടേണ്ടതാണെന്നും പ്രമുഖ വാഗ്മിയും സാമൂഹ്യ പ്രവർത്തകനുമായ എ.പി. അഹമ്മദ് അഭിപ്രായപ്പെട്ടു. മലപ്പുറം ജില്ലാ കെ.എം.സി.സിയുടെ സാംസ്കാരിക വിഭാഗമായ 'സംസ്കൃതി' ബത്ത്ഹയിലെ ന്യൂ സഫ മക്ക ഓഡിറ്റോറിയത്തിൽ നടത്തിയ 'മലപ്പുറവും മലയാളവും' സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു എ.പി.

മലയാളത്തിലെ വലിയ സാഹിത്യകാരന്മാരുടെ, കവികളുടെ, എഴുത്തുകാരുടെ പേരുകൾ പറയുമ്പോൾ അതിന്റെ തുടക്കം മലപ്പുറത്ത് നിന്നാണെന്നും മലയാള ഭാഷയ്ക്ക് വേണ്ടി വലിയ ത്യാഗം സഹിച്ചവരുടെ നീണ്ട നിര തന്നെ മലപ്പുറത്തുണ്ട്. മലയാള ഭാഷയിൽ ആദ്യമായി പുസ്തക രചന നടത്തിയത് 1913ൽ മരണപ്പെട്ട വെളിയംകോട്ടുകാരനായ സയ്യിദ് സനാഉല്ല മക്തി തങ്ങളാണ്. മലയാള ഭാഷയെ സവർണന്റെ ശ്രീകോവിലിൽ നിന്നും സാധാരണക്കാരനിലെത്തിച്ചത് തുഞ്ചത്തെഴുത്തച്ഛനാണ്. ഭക്ത കവിയായ പൂന്താനം, മേൽപത്തൂർ, എടശ്ശേരി, ഉറൂബ്, സി. രാധാകൃഷ്ണൻ തുടങ്ങിയവർക്ക് ജന്മം നൽകിയ ജില്ലയാണ് മലപ്പുറം. വള്ളത്തോൾ ജന്മം കൊണ്ട് മലപ്പുറത്തുകാരനാണ്. ഇശലുകളുടെ തമ്പുരാൻ മഹാകവി മോയിൻകുട്ടി വൈദ്യരുടെ നാടാണ് മലപ്പുറം. കെ.ടി. മുഹമ്മദ് ജനിച്ചതും മലപ്പുറത്താണെന്ന് എ.പി കൂട്ടിച്ചേർത്തു.. സെമിനാർ പ്രമുഖ എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനുമായ ജോസഫ് അതിരുങ്കൽ ഉദ്ഘാടനം ചെയ്തു. സംസ് കൃതി ഏറ്റെടുത്തിട്ടുള്ളത് ഭാരിച്ച ഉത്തരവാദിത്വങ്ങളാണെന്നും അവ പൂർത്തീകരിക്കുന്നതിനു സകല പിന്തുണയും ഭാവുകങ്ങളും നേരുന്നതായും അദ്ദേഹം പറഞ്ഞു.

മാധ്യമ പ്രവർത്തകരായ ഷക്കീബ് കൊളക്കാടൻ, ഉബൈദ് എടവണ്ണ, കെ.എം.സി.സി. നേതാക്കളായ സയ്യിദ് അഷ്റഫ് തങ്ങൾ, ഷുഹൈബ് പനങ്ങാങ്ങര, സംസ്കൃതി ഭാരവാഹികളായ റസാക്ക് ഇരിങ്ങാട്ടിരി, ഹകീം കംബാർ സാലിഹ് അമ്മിനിക്കാട് തുടങ്ങിയവർ സംസാരിച്ചു. സംസ്കൃതി ചെയർമാൻ അഡ്വ. അനീർ ബാബു അധ്യക്ഷത വഹിച്ച ചടങ്ങിൽ മുനീർ കുനിയിൽ സ്വാഗതവും ഷംസു ചെമ്പൻ നന്ദിയും പറഞ്ഞു.

ഫെയ്സ്ബുക്ക് കൂട്ടായ്മ ശ്രദ്ധേയമായി



ആധുനിക സമൂഹത്തിൽ സോഷ്യൽ നെറ്റ്വർക്കുകൾക്ക് അനന്തസാധ്യതകളാണുള്ളതെന്നും, തങ്ങളുടെ വ്യക്തിപരവും ആശയപരവുമായ ആദർശ പ്രചരണത്തിനും, സുഹൃദ് ബന്ധം വിപുലീകരിക്കാനും, സൈബർ ലോകത്തെ സോഷ്യൽ മീഡിയകൾ ശരിയായ രൂപത്തിൽ ഉപയോഗപ്പെടുത്താമെന്നും റിയാദ് ഇന്ത്യൻ മീഡിയാ ഫോറം പ്രസിഡന്റ് ഷക്കീബ് കൊളക്കാടൻ അഭിപ്രായപ്പെട്ടു. റിയാദ് മലപ്പുറം ജില്ലാ കെ.എം.സി.സിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കെ.എം.സി.സി. ഫെയ്സ്ബുക്ക് അംഗങ്ങളുടെ കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഫെയ്സ് ബുക്ക് ഉൾപ്പെടെയുള്ള സൈബർ ലോകത്തിന്റെ ഉപഭോക്താക്കൾക്കായി വർക്ക്ഷോപ്പ് സംഘടിപ്പിക്കണമെന്നും ഇത്തരം നൂതന സാങ്കേതിക വിദ്യകളെ ഉപയോഗപ്പെടുത്തുന്നവരിൽ സാമൂഹ്യ ബോധമുണ്ടാക്കാനും, സാംസ്കാരിക നിലവാരം ഉയർത്തിപ്പിടിക്കാനും ഇത്തരം ബോധവൽക്കരണ ശ്രമങ്ങൾ സഹായിക്കുമെന്നും ഗ്രേസ് എഡ്യുക്കേഷണൽ അസോസിയേഷൻ ജന.സെക്രട്ടറി അഷ്റഫ് തങ്ങൾ ചെട്ടിപ്പടി അഭിപ്രായപ്പെട്ടു. സോഷ്യൽ നെറ്റ് വർക്കുകൾ ഉപയോഗിക്കുന്ന വർഗ്ഗീയ, തീവ്രവാദ മനസ്സുകൾ ഉള്ളവർപോലും സാമൂഹ്യ ഇടപെടലുകളുടെ ഭാഗമായി, സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സന്ദേശം മനസ്സിലാക്കാൻ നിർബന്ധിതരാകുന്നുവെന്നും, അത്തരം ആളുകളിൽ ചിലരുടെ മാനസിക പരിവർത്തനങ്ങൾ ലോകത്തിന് പ്രതീക്ഷ നൽകുന്നതാണെന്നും പ്രമുഖ മാധ്യമ പ്രവർത്തകൻ നജീം കൊച്ചുകലുങ്ക് അഭിപ്രായപ്പെട്ടു.

തങ്ങളുടെ വിധ്വംസക, തീവ്രവാദ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കാൻ ഫെയ്സ്ബുക്ക് ഗ്രൂപ്പുകൾ രൂപം നൽകുകയും അതിൽ വ്യാജ ഐഡികൾ ഉണ്ടാക്കി, പ്രകോപനപരമായ പ്രതികരങ്ങൾ നടത്തി അതിനെ ചൂണ്ടിക്കാട്ടി തങ്ങളുടെ പ്രവർത്തകരെ പ്രകോപിതരാക്കുന്ന ഹീനതന്ത്രങ്ങൾക്കും സോഷ്യൽ മീഡിയകളെ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് കെ.എം.സി.സി. നേതാവ് അർഷുൽ അഹമ്മദ് അഭിപ്രായപ്പെട്ടു.

ടെക്നോളജിയുടെ പുരോഗതിക്ക് അനുസൃതമായി വരുന്ന മാറ്റങ്ങൾ പഠിക്കുവാനും അത് പ്രയോഗിക്കുവാനും കഴിവുള്ളവരായി മാറാൻ കെ.എം.സി.സി. പ്രവർത്തകർ ശ്രമിക്കണമെന്നും മേഡേൺ സ്കൂൾ അധ്യാപകനും എഴുത്തുകാരനുമായ മുഹമ്മദ് സഈദ് മാസ്റ്റർ പറഞ്ഞു.

പി.ടി. ഫിറോസ്, ഖലീൽ റഹ്മാൻ (റൂബി തിരുവനന്തപുരം), ബഷീർ പാണ്ടിക്കാട്, എം.സി. അബ്ദുള്ള പെരുമ്പട്ട തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. നിറഞ്ഞ സദസ്സും ഗൗരവതരമായ ചർച്ചകൾ കൊണ്ടും അംഗങ്ങൾ തമ്മിലുള്ള പരിചയപ്പെടലും കെ.എം.സി.സി. ഫെയ്സ്ബുക്ക് കൂട്ടായ്മ ശ്രദ്ധേയമായി. പുതിയ ഒരു സംഘബോധത്തിന് തുടക്കം കുറിക്കുന്നതിൽ റിയാദിലെ മാധ്യമ നേതൃത്വവും പങ്കുവഹിച്ചു എന്നത് മാതൃകയാണ്.

മലപ്പുറം ജില്ലാ കെ.എം.സി.സി. വൈസ്പ്രസിഡ് അഷ്റഫ് കൽപകഞ്ചേരി അധ്യക്ഷത വഹിച്ചു. കെ.എം.സി.സി. നേതാക്കളായ യൂനുസ് സലീം താഴെക്കോട്, മുജീബ് ഇരുമ്പുഴി, ഇഖ്ബാൽ കാവനൂർ തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി. ജില്ലാ ജനറൽ സെക്രട്ടറി ശുഐബ് പനങ്ങാങ്ങര സ്വാഗതവും റസാക്ക് കൊടക്കാട് നന്ദിയും പറഞ്ഞു.

Type setting, Page layout, and Cover design by: Shareef Vazhakkad - Xtream innovation Riyadh: +966 501214306



വചനം വായിക്കുമ്പോൾ വല്ലാത്ത അഭിമാന ബോധം. നമുക്കും ഇങ്ങ നെയൊക്കെ സാധ്യമാണ്. എത്ര പ്രൗഢമായി വചനം സംവിധാനിച്ചിരിക്കുന്നു. എല്ലാ ലക്കവും കാണാൻ കാത്തിരിക്കുന്നു. ഒരു ലേഖനം അയക്കാം. നമ്മെ നാ മാക്കിയ ഒരു പ്രസ്ഥാനത്തിന്റെ ആശയ പ്രചാരണവും വിമർശനങ്ങളുടെ പ്രതി രോധവും നമ്മുടെ കർത്തവ്യം ആണല്ലോ. എല്ലാവിധ ആശംസകളും.

ടി.പി.എം. ബഷീർ, ഇൻസാഫ്, തേഞ്ഞിപ്പലം, മലപ്പുറം.

വചനം കണ്ടു. നന്നായിട്ടുണ്ട്. ലേ ഔട്ടും അവതരണവും കൊള്ളാം. വിഷയങ്ങളും കാമ്പുള്ളത് തന്നെ. അണിയറ ശിൽപികൾക്ക് അനുമോദനങ്ങൾ. പുതിയ പതിപ്പിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഫൈസൽ പൈക്കാടത്തൊടി, കൊട്ടപ്പുറം, ജിദ്ദ

വചനം കാണാനിടയായി. എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ആധു നിക കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് മുന്നോട്ട് പോകാനാവട്ടെ എന്ന് ആശംസിക്കുന്നു. എല്ലാവിധ വായനക്കാർക്കും വേണ്ട വിഭവങ്ങൾ നൽകാ നാവണം. ആരോഗ്യ രംഗം, വനിതാ വേദി, വിദ്യാർത്ഥി കോളം, ഇംഗ്ലീഷ് പേജ് എന്നിങ്ങനെ വൈവിധ്യമായ പേജുകൾ ഉചിതമായി വരും ലക്കങ്ങളിൽ ഉൾപ്പെടു ത്താൻ ശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു.

എൻ.പി നവാസ് വേങ്ങര, റിയാദ്.

IT നിങ്ങളുടെ ഒരു സ്വപ്നമാണോ?

സൗദി അറേബ്യയുടെ തലസ്ഥാന നഗരിയായ റിയാദിൽ
ഒരു പതിറ്റാണ്ടിലേറെ ടെക്നിക്കൽ വിദ്യാഭ്യാസ രംഗത്ത്
ചലനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന,
നിരവധി പേർക്ക് തൊഴിലവസരം നേടിക്കൊടുത്ത സീടെക്,
അത്യാധുനിക ലാബ് സൗകര്യത്തോടുകൂടി,
മികവുറ്റ അധ്യാപനത്തിൽ സമ്പന്നരായവരുടെ നേതൃത്വത്തിൽ..

വാഗ്ദാനങ്ങൾക്കപ്പുറം
അനുഭവസ്ഥരുടെ
പിന്തുണയാണ്
ഞങ്ങളുടെ പ്രചോദനം..!
നിങ്ങളുടെയും...!!

Zee Tech
COMPUTER AND INTERNET CENTER

6.00 am to 11.30 pm

12th Anniversary
Special Offer for Course Fee
up to 50%

Special Courses to build your career as...
Office Secretary, Store Keeper, Office Clerk,
Accountant, Designer, Web Designer,
AutoCAD Draftsman (Electrical & Mechanical)
Network Administrator...etc

Rail Street, Riyad Bank Building, Batha, Riyadh – Saudi Arabia
Tel: 01 4065182, 014065607, Mobile: 05 32 52 82 62
email: info@zeetechnology.com, www.zeetechnology.com

Zee Tech
COMPUTER AND INTERNET CENTER

ഓഫീസ് സെക്രട്ടറി, സ്റ്റോർ കീപ്പർ,
ഓഫീസ് ക്ലർക്ക്, അക്കൗണ്ടന്റ്,
ഡിസൈനർ, വെബ് ഡിസൈനർ, ഡ്രാഫ്റ്റ്സ്മാൻ,
നെറ്റ്വർക്ക് അഡ്മിനിസ്ട്രേറ്റർ, ഹാർഡ്വേർ
തുടങ്ങിയ ജോലികൾക്കായി ശ്രമിക്കുന്നവർക്ക്
പ്രത്യേക പാക്കേജുകൾ

Courses offered

Ms Office & Fundamentals
Ms Word 2003,07 & 2010
Ms Excel 2003, 07 & 2010
Ms Power Point 2003, 07 & 2010
Internet & E-mail

വനിതകൾക്കായി വനിതാ
ഇൻസ്ട്രക്ടറുടെ കീഴിൽ
പ്രത്യേക ക്ലാസ്സുകൾ

Auto Cad
2d & 3d, 3d Studio Max,
Primavera, Micro Station, Illustrator

Accounting
Excel, Tally, Dac Easy, Ex Next Generation
Peach Tree

Designing
Power Point, Photoshop, Illustrator
Pagemaker, Corel Draw, InDesign
Macro Media Flash

3d
Auto Cad (Draftsman-Electrical & Mechanical)
Desk 3d Max, Maya, Hardware Engineering
Assembling, Formatting, Partition, Installation
Trouble Shoot

Web Designing
Photoshop, Flash, Dream Weaver
Macro Media, Frontpage, Html
Dhtml, Java Script, Asp.net

Editing & Video Editing
Photoshop, Dream Weaver, After Effects, Premiere
Fcp (final Cut Pro)

- വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവർക്കായി പ്രത്യേക പാക്കേജുകൾ.
- പഠനം പൂർത്തിയാക്കുന്നവർക്ക് ഓൺലൈൻ എക്സാം വഴി Zee Tech Education Institute (Under Govt. of Kerala & India) ന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.
- സർട്ടിഫിക്കറ്റിനു വേണ്ടി മാത്രം (കമ്പ്യൂട്ടർ അറിയുന്നവർക്ക്) എക്സാം എഴുതാവുന്നതാണ്.
- പഠനം പൂർത്തിയാക്കുന്നവർക്ക് ജോലി.

Post Production
Photoshop, After Effects, Real Flaw
Premiere, Auto Desk Combustion, Programming
Visual Basic, Vb Net, C, C++

"OUT LOOK IS NOT OUR ASSET
BUT, EXPERIENCE IS OUR ASSET"

Servicing & Software Development
Assembling: All types of Desk Top PC's
Formatting & Installation: Windows OS All Versions for Desktop & Laptop's, with all required drivers and programs
Software Development:
Program for Accounting, Data Processing, Employee Payroll, Sales & Invoice and Warehouse Storage System As per Clients Specifications.
Troubleshooting & Repair:
All Desktop & Laptop PC's
Networking & Maintenance:
Server Configuration, Modem Installation/Configuration, LAN Cabling, Troubleshoot LAN & WAN, and Network Printer Installation